റോമപ്രചാര

മദ്ധ്യസ്ഥൻ



പുസ്തകം 7 1934 ഒക്ടോബർ ലക്കം 4.

Licence No 183.

വിഷയവിവരണിക.

1 മാർ യൌസേപ്പിന്റെ ജീവചരിത്രം (തുടർച്ച)
2 ഒരു കേരളീയ മിഷനറി
3 നിത്യസഹായത്തിന്റെ അമ്മ
4 സുഗന്ധാൻ മിഷൻ
5 ഇൻഡ്യൻക്രിസ്ത്യൻ സമുദായം
6 ശതാബ്ദൂനിലിഅഘോഷണം
7 റാഫേലെഴുതിയ ഒരു ചിത്രം
8 സുനാമിലെ അത്ഭുതം
9 ജപാപ്പസ്സോലസ്വപ്നം
10 പുസ്തകാടിപ്രായം
11 വേദപാരമ്പര്യപരിക്ഷയേക്കുറിച്ച്
12 വർത്തമാനക്കുറിപ്പുകൾ
13 കച്ചേരിക്കായ്ങ്ങൾ
14 മിഷൻ വാർത്തകൾ
15 ചരമവാർത്ത
16 ഉപകാരസ്മരണകൾ
17 പരസ്യങ്ങൾ
18 പഞ്ചാംഗം

"സുകൃതഭണ്ഡാരം."

പരിഷ്കരിച്ച രണ്ടാം പതിപ്പ്.

കൂടുതലായി പല ജപങ്ങളും കൂട്ടിച്ചേർത്ത്, ആദ്യത്തേതിൽ ഇരട്ടി വലിപ്പത്തിൽ അടിച്ചു തയാറായിരിക്കുന്നു. കാലിക്കോബൈയണ്ടിന് വില **4** ണ. കൂടാതെ മൊറോക്കോ സെല്ലുലോയിഡ് ഈ ബൈയണ്ടുകളിലും

വിൽപ്പാൻ തയാറുണ്ട്.

അപേക്ഷിക്കേണ്ടും മേൽവിലാസം

1. മാനേജർ
മധ്യസ്ഥൻബുക്കുഡിപ്പോ
ചങ്ങനാശ്ശേരി

2. മാനേജർ
ലിറിൽഫ്ളൗവർ
കാത്തലിക്കബുക്സ്റാൾ
& ബൈൻഡിങ്ങ് ഷോപ്
മാന്നാനം

മദ്ധ്യസ്ഥൻ.

പുകസ്തം 7. | 1934 ഒക്ടോബർ | ലക്കം 4.

മഹാത്മാവായ

മാർ യൗസേപ്പിന്റെ ജീവചരിത്രം

അദ്ധ്യായം 10. തുടർച്ച.

൯. ഉപകാരസ്മരണ. പ. മറിയത്തിന്റെ ഉദരത്തിൽ ദൈവപുത്രൻ അവതരിച്ച ക്ഷണംമുതൽ അവൾ അത്യധികമായ ദൈവസ്നേഹത്തോടും ഹൃദയാനന്ദത്തോടുംകൂടി എല്ലാ സമയവും ദൈവത്തിനു കൃതജ്ഞതാസ്തോത്രം ചെയ്തുകൊണ്ടിരുന്നു. അവളുടെ മുഖത്തു മുമ്പൊരിക്കലും ദർശിച്ചിട്ടില്ലാത്തതായ ഒരു വിശേഷ പ്രകാശം വി. യൗസേപ്പു കണ്ടു. അതു് അവളിലുള്ള ദൈവപ്രസാദാധിക്യത്തിന്റെ ലക്ഷ്യമായിരിക്കുമെന്നു അവൻ വിചാരിക്കുകയും, അതിനു ദൈവത്തിനു ഉപകാരസ്മരണ ചെയ്തുകയുംചെയ്തു.

൰. മനോവേദന. ഗർഭിണിയായ ഏശീശായുടെവീട്ടിൽ താമസിച്ചു് അവൾക്കു കൂടുതൽ ശുശ്രൂഷചെയ്യണമെന്നു് പ. മറിയത്തിനു ദൈവം വെളിപ്പെടുത്തി. വി. യൗസേപ്പിനേയും ഇതു് മാലാഖാ ഉറക്കത്തിൽ അറിയിച്ചു. മറിയം തന്നിൽനിന്നകന്നു താമസിക്കേണ്ടതായി വരുമല്ലോ എന്നുവിചാരിച്ചു് വി. യൗസേപ്പു് വളരെ മനോവേദനയനുഭവിച്ചു. എങ്കിലും ദൈവേഷ്ടം നിറവേറട്ടെ എന്നു് അവൻ പ്രാർത്ഥിക്കാതിരുന്നില്ല. യൗസേപ്പിന്റെ വ്യസനകാരണം മനസ്സിലാക്കിക്കൊണ്ടു് പ. കന്യക ഇപ്രകാരംപറഞ്ഞു:—"അവിടുന്നു് ഭയപ്പെടേണ്ടാ. ഞാൻ അവിടുത്തേക്കുവേണ്ടി സദാ സ്മരിക്കയും ദൈവത്തോടു് ഇടവിടാതെപ്രാർത്ഥിക്കുകയുംചെയ്യും. മൂന്നാമാസത്തിൽ കൂടുതലായി നമ്മെ വേ

ർപ്പെട്ട താമസിക്കണ്ടതായി വരികയില്ല. ആ സമയം നമ്മുടെ മനസ്സിൽ പുറമേ അകന്നിരിക്കുമെങ്കിലും, ഹൃദയംകൊണ്ടു അല്പം പോലും അകലുകയില്ല. എന്തെന്നാൽ ദൈവതിരുമനസ്സു നിറവേറുന്നതിനായി നന്മനസ്സോടെ അന്യോന്യം സഹകരിക്കുന്നവരുടെ ഹൃദയങ്ങൾ ദൈവസന്നിധത്തിൽലയിച്ചു് ഒന്നായിത്തീരുകയാണുചെയ്യുന്നതു്." ഈവാക്കുകൾകേട്ടു്, വി. യൗസേപ്പു അത്യന്തം സമാധാനപ്പെട്ടുകയും, ദൈവം തിരുമനസ്സാകുന്ന സമയംവരെ മറിയം തന്നിൽനിന്നു വേർപെട്ടു താമസിക്കുന്നതിനു നന്മനസ്സോടെ സമ്മതിക്കുകയുംചെയ്തു.

ഒരു കേരളീയ മിഷനറി.

(റവ. ജോൺ കിഴക്കേത്തയ്യിൽ എസ്സ്. ജെ. കേഴ്സിയോങ്ങു്)

"പാരാകെപ്പുകൾപൂണ്ടൊരാമഹിതർതൻ
സംപൂജ്യരാംശിഷ്യരും
പേരാളും സുവിശേഷ ദീപകിരണം
മേന്മേൽവിളങ്ങീടുവാൻ.
നേരായുംതെളിവോടു യത്നമധികം
ചെയ്താ,രിവണ്ണംക്രമാൽ
ധാരാളം പ്രചരിച്ചിതെന്നുമമലൻ
ദൈവാത്മജൻതൻമതം".

(ശ്രീയേശുവിജയം)

ആധുനികയുഗത്തിന്റെ ആരംഭത്തോടുകൂടി ആവിർഭ്രതമായ 'ഈശോ സഭ' അതിന്റെ ഇന്നുപര്യന്തമുള്ള ജീവിതത്തിൽ സഭയ്ക്കും, സമുദായത്തിനും, രാജ്യത്തിനും അനന്യസാധാരണമായ നിരവധി നന്മകൾ ചെയ്ത ഒരു മഹത്സ്ഥാപനം ആണെന്നു സമർത്ഥിക്കുവാൻ ഒരുമ്പെടുന്നതു് ആത്മപ്രശംസയുടേയോ, വൃഥാഭിമാനത്തിന്റെയോ, നിർല്ലജ്ജമായ ബാഹ്യപ്രകടനമാണെന്നു പണ്ഡിതന്മാരായ വിശാലഹൃദന്മാർ ഉൾ

വ്യാഖ്യാനിക്കയില്ലെന്നു വിശ്വസിക്കട്ടെയോ? കത്തോലിക്കാതി രുസ്സഭയുടെ ഈ നാലു നൂറ്റാണ്ടുകളായി ഈശോസഭാംഗങ്ങൾ ചെയ്തിട്ടുള്ള നാനാതരസഹായസഹകരണങ്ങൾക്ക് അവളുടെ സ്ഥാപകനായ ഇഗ്നേഷിയസ് ലൊയോളാ, ഭാരതപ്രേഷിതനായ ഫ്രാൻസിസ് സേവ്യർ, യുവപുണ്യാത്മാക്കളായ ബർക്മാൻസ്, സ്റ്റനിസ്ളാസ്, അലോഷ്യസ്, അമേരിക്കൻ രക്തസാക്ഷികളായ ഐസക്ക് ജോഗ്സ് പ്രഭൃതികൾ, ചൈനാപ്രേഷിതരായ റിച്ചി മുതൽപേർ, നീഗ്രോ അപ്പോസ്തലനായ ക്ലേവർ, സാഹിത്യമണ്ഡലത്തിൽ അചന്ദ്രതാരം പ്രോജ്ജ്വലിക്കുന്ന ബല്ലാർമിൻ, സ്വാരസ്, ലെയ്നസ്സ്, ഇന്നും സഭയുടെ ജയസ്തംഭങ്ങളായി പരിലസിക്കുന്ന വെർമഷ്, കപ്പെല്ലോ, തേനസ്ട്ടൻ, ലോർഡ് മാക്ക്ൻഡെയിൽ, എന്നിവർ സുവ്യക്തം സാക്ഷി നൽകുമ്പോൾ, പാശ്ചാത്യപൗരസ്ത്യലോകങ്ങൾക്കായും ഈ ചെറു സഭാഘടന പ്രദാനം ചെയ്തിട്ടുള്ള വിവിധഗുണങ്ങൾ ഗ്രഹിതരങ്ങളെന്നുള്ളതിനു കത്തോലിക്കേതരനും, എന്നാൽ യഥാർത്ഥ സത്യസ്നേഹിയും, സാഹിത്യപടുവും, മഹാമനസ്കനുമായ ഗവേഷണവേണ്ണൻ 'ജാംഷാർപ്പന്തിയേർ' നൽകിയിട്ടുള്ള സാക്ഷ്യത്തെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "സാഹിത്യകുശലരായ ജസ്വീറ്റ് മിഷനറിമാർ അജ്ഞാതമായിരുന്ന ഭൂഭാഗങ്ങളുടെ ആധുനിക ഭൂമിശാസ്ത്രത്തിനും, ഏഷ്യാജനതതിയുടെയും ജാതികളുടെയും ചാരിത്രികവും മതാത്മകവും സാമുദായികവുമായ ആചാരനടവടികൾ എന്നിവയുമായുള്ള പരിചയത്തിനും കാരണകർത്താക്കൾ തന്നെ. ചില ഉദാഹരണങ്ങൾ മാത്രം ഉദ്ധരിക്കുന്നതായാൽ ജസ്വീറ്റർ പ്രത്യേകിച്ചു ബ. മോൺസറാറ്റ് അബ്ബറിന്റെ രാജസഭയിൽ നടത്തിയ മിഷ്യനറിവേലയുടെ ഒരു സംഗ്രഹചരിത്രം പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപു മഹാനായ മുഗളിന്റെ ശക്തിമത്തായ സാമ്രാജ്യത്തെക്കുറിച്ചു തുലോം കുറച്ചുമാത്രം അറിയപ്പെട്ടിരുന്നു. പ്രാചീനചരിത്രത്തിൽ സുപ്രസിദ്ധമായിരുന്ന 'കാത്തേ, ആധുനികചൈന, ആണെന്നു നിസ്സംശയം തെളിയിച്ചതു് ബെനഡിക്ററോഹെസ്, എസ്. ജെ. യുടെ അത്യന്തപരിശ്രമമാകുന്നു. ചൈനായുടെ രാഷ്ട്രികവും ചാരിത്രികവുമായ വിഷയങ്ങൾ പാ

ശ്ചാത്യരാജ്യങ്ങൾക്കു ഹസ്തഗതമാക്കിയതു് ബ. റിച്ചി പ്രഭൃതികളുടെ വരവിനു ശേഷമത്രെ. ആൻഡ്രൂഡ്, ഗ്രൂബേർ, അവില്ല, എന്നിങ്ങനെ പ്രധീതരുടെ 'റിബാറു', പ്രയാണത്തിനു മുൻപു ആ രാജ്യം ഇതരലോകത്തിനു ഒരജ്ഞാതഭൂഖണ്ഡമായിരുന്നു. ആധുനിക ഗവേഷണശാസ്ത്രത്തിന്റെ മാർഗ്ഗദർശികം എന്നു അപരാഭിധാനം ഇയ്യോസഭയ്ക്കു ഒരു കാലവും നിഷേധിക്കപ്പെട്ടുകയില്ലെന്നുള്ളതു വാസ്തവമത്രെ".

ഈ വിധം പാശ്ചാത്യലോകത്തിനു പരമസ്ഥലോകത്തിന്റെ നടനായകമെന്നോണം പരിലസിക്കുന്ന ഭാരതത്തിലേ മതാനുഷ്ഠാനങ്ങളെയും ആചാരോപചാരങ്ങളേയും, ഹിന്ദുപുരാണസിദ്ധാന്തങ്ങളെയും ഇദംപ്രഥമമായി സുപരിചിതമാക്കിക്കൊടുത്തു ഒരു കേരളീയമിഷ്യനറിയുടെ ജീവിതസംഗ്രഹമാണു് ഈ ചെറുലേഖനത്തിനു വിഷയീകരിച്ചിരിക്കുന്നതു്.

1558-ൽ ഇത്താല്യായിലേ കാമ്പ്യവായിൽ ഭ്രജാതനായ ഫാദർ ജെയിംസു് (യാക്കോമോ) ഫെനീച്ചിയോ, 1580 ൽ ഇയ്യോസഭയിലെ ഒരംഗമായി ഭവതകയും 1584-ൽ സ്വദേശം വിട്ടു ഒരു ഭാരതീയ മിഷ്യനറിയായി കൊച്ചിയിൽ എത്തുകയും ചെയ്തു. സ്വപരിത്യാഗിയും, പരോപകാരതല്പരനും, ധ്യാനനിരതനുമായ ഈ പ്രേഷിതവര്യൻ ആത്മാക്കളെ രക്ഷിക്കുന്നതിലുള്ള അതീവശുഷ്ക്കാന്തിയാൽ, ദേശീയഭാഷയായ മലയാളം കുറഞ്ഞൊരുകാലത്തിനുള്ളിൽ സ്സുസ്സുർഹമാംവണ്ണം പഠിച്ചു. ഭാഷാപരിജ്ഞാനത്തോടൊക്കുടി ദേശീയനടപടികളും മതാനുഷ്ഠാനങ്ങളും മനസ്സിലാക്കുവാൻ താൻ തീവ്രമായി പ്രയത്നിക്കയും തദ്വാരാ അവയുടെ ഒരു സ്ഥൂലജ്ഞാനം സമ്പാദിക്കയും ചെയ്തു. പ്രേഷിതവൃത്തികളിൽ തനിക്കുണ്ടായിരുന്ന കർത്തൃത്വവും, ജനങ്ങളുടെ ഇടയിൽ താമസംവിനാ ലഭ്യമായ സ്വാധീനശക്തിയും, ജന്മനാൽതന്നെ ദൈവദത്തമായിരുന്ന തന്റെ അസാമാന്യ ബുദ്ധിവൈശിഷ്ട്യവും തനിക്കു അവിളംബമപരം പ്രശസ്തിയും കേരളത്തിൽ കരഗതമാക്കിയെന്നു ചുരുക്കി പറഞ്ഞുകൊള്ളട്ടെ.

പ്രേഷിതജോലിക്കായി കൊച്ചിയിൽ നിന്നും മട്ടാഞ്ചേരിയിലേയ്ക്കു മാറ്റപ്പെട്ട ഈ യുവവൈദികൻ മട്ടാഞ്ചേരിയിലെ അന്നത്തെ രാജാ

വിന്റെ ഇംഗിതമനുസരിച്ച് അവിടെ ഒരു മനോഹരദേവാലയം പണികഴിക്കുകയും, രാജഭണ്ഡാരത്തിൽ നിന്നു തന്നെ ചെലവു ചെയ്ത അതിന്റെ ഉൽഘാടനം അങ്കുരിക്കുകയും ചെയ്തു. തന്റെ പ്രജകളെ ഇഷ്ടം പോലെ മാനസാന്തരപ്പെടുത്തുന്നതിനു രാജാവു ഫെനീച്ചിയോയ്ക്കു പൂർണ്ണാനുമതിയും നൽകി. രാജാവിന്റെയും പ്രജകളുടെയും സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭൂതനായി ഇടവക ഭരണം കോമായി നടത്തി വരുന്നേഴാണ്ട് അദ്ദേഹത്തെ പുറക്കാട്ടേയ്ക്കു സ്ഥലം മാറിയത്. അവിടെയും തനിക്കു ലഭിച്ച അനുഗ്രഹവിജയം അതിശയനീയമെന്നു പറയേണ്ടതുള്ളൂ. മലയാളഭാഷയിലുള്ള തന്റെ അതിവ പാണ്ഡിത്യവും, ഹിന്ദുപുരാണങ്ങളിലുള്ള തന്റെ അപാരപരിജ്ഞാനവും 1601-ൽ ബ. ഫെനീച്ചിയോയെ പുറക്കാട്ടു നിന്നും കോഴിക്കോട്ട സാമൂതിരിയുടെ അരമനയിലേയ്ക്കു സ്ഥലം മാറ്റി.

ഇവിടെ വച്ചാണ് ഈ അപ്പോസ്തോലപ്രമുഖൻ പാശ്ചാത്യലോകത്തിനു പൗരസ്ത്യലോകത്തെക്കുറിച്ചു ഗണനീയജ്ഞാനം പ്രദാനം ചെയ്ത പ്രഥമഗ്രന്ഥം രചിച്ചത്. അന്നു മലയാളരാജ്ഞിയുടെ സർവ്വാധിപത്യം കീർത്തിധവളിമയോടെ, സാമന്തരാജാക്കന്മാരുടെ രാജാധിരാജനായി ചെങ്കോൽ ചെലുത്തിവന്ന കോഴിക്കോട്ട സാമൂതിരി നമ്മുടെ കഥാനായകനെ സ്നേഹപുരസ്സരം സ്വീകരിച്ചു വേദസംബന്ധമായി പ്രസംഗപരമ്പരകൾ നടത്തുന്നതിനു പൂർണ്ണാധികാരം നൽകി. ഈ മതസംബന്ധമായപ്രതിപാദ്യവിഷയങ്ങളിൽ എതിർകക്ഷികളുടെപ്രശ്നപരമ്പരകൾക്കു സമുചിതയാഥാർത്ഥ്യമായ പ്രതിവചനങ്ങൾ നൽകുന്നതിനു ബ. ഫെനീച്ചിയോ, സാമൂതിരിയുടെ മാനസാന്തരപ്പെട്ട അനന്തരവന്റെയും വേറൊരു ബ്രാഹ്മണവിദ്വാന്റെയും സഹായത്തോടുകൂടി ഹിന്ദുപുരാണങ്ങൾ ക്രമേണകഷ്ടപ്പെട്ടു പഠിക്കുവാൻ തുടങ്ങി. തൽഫലമായി 1610-ാമാണ്ടോടുകൂടി പൂർവ്വപശ്ചിമലോകങ്ങളിൽസർവ്വിധംസ്തുതിക്കപ്പെട്ടുവരുന്ന Livro da Seita dos Indios Orientais, 'പ്രാച്യപാശ്ചാത്യജാതികൾ' എന്നവിശിഷ്ടഗ്രന്ഥം എഴുതിത്തീർത്തു. ഈ ഗ്രന്ഥം പ്രസിദ്ധമാകുന്നതിനു മുമ്പിൽ പാശ്ചാത്യഭൂഖണ്ഡത്തിനു ഭാരതത്തെക്കുറിച്ചും, അതിന്റെ ജാതിമതഗതി

കളെക്കുറിച്ചും, യഥാർത്ഥജ്ഞാനം ഇല്ലായിരുന്നുവെന്നു ഇതിനു മുള്ള ചില പ്രാചീന ഗ്രന്ഥങ്ങളിൽ കാണുന്ന ജുഗുപ്സാവഹ വിവരണങ്ങളും വേണ്ടതു വിളിച്ചറിയിക്കുന്നു. ഈ മഹനീയ ഗ്രന്ഥത്തിൽ ഹിന്ദുശാസ്ത്രങ്ങളും, ഇതിഹാസങ്ങളും, ഹിന്ദുവിശ്വാസപ്രകാരമുള്ള ലോകോല്പത്തി, ഭൂമിശാസ്ത്രം, ജ്യോതിഷം, താരകശാസ്ത്രം, ലോകയുഗങ്ങളും, ഹിന്ദുദേവന്മാരായ ബ്രഹ്മൻ, ഈശ്വരൻ, ഗണേശൻ, ഹനുമാൻ, കൃഷ്ണൻ, എന്നിവരുടെ ജനനം, ജീവിതക്രമം, മത്സ്യകൂർമ്മവരാഹങ്ങളാദിയായ വിഷ്ണു അവതാരങ്ങളും എന്നുള്ളവ അതിസൂക്ഷ്മമായി വിവരിച്ചിരിക്കുന്നുവെന്ന മാത്രമല്ല, പുനർജ്ജന്മവാദം, ക്ഷേത്രങ്ങളും, വിഗ്രഹങ്ങളും, പൂജകളും, ഉപവാസങ്ങളും, മതാനുഷ്ഠാനങ്ങളും, പുണ്യാഹങ്ങളും, സാമുദായികനടവടികളും എന്നിവയെക്കുറിച്ചും വള്ളിക്കും പുള്ളിക്കും വ്യത്യാസമില്ലാതെ അതിവിസ്തരമായും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ശാസ്ത്രീയരൂപമായി ഉപപാദിക്കപ്പെട്ടിരിക്കുന്ന ഈ അമൂല്യഗ്രന്ഥമാണു് തന്റെ അനുഗാമികളായ അനേകം മിഷ്യനറിമാർക്കും, പാശ്ചാത്യലോകത്തിനു പൊതുവേയും അനേകവർഷങ്ങളോളം ഒരു മാർഗ്ഗദർശിയായിരുന്നതു്.

എന്നാൽ ലോകത്തിന്റെ വഞ്ചനനയം നോക്കണമെ! ഒരുത്തൻ ചെയ്ത പ്രവൃത്തിക്കുള്ള സ്തുതിബഹുമാനങ്ങളും മറെറാരുത്തൻ നിർല്ലജ്ജം അപഹരിക്കുക! അനേക കൊല്ലത്തെ അക്ഷീണപരിശ്രമത്താൽ നിർമ്മിതമായ ഈ ഉത്തമഗ്രന്ഥം ഏതൽ കർത്താവിന്റെ പേരുകൂടാതെ പ്രസിദ്ധമായിരുന്നതിനാൽ പണ്ഡിതലോകത്തിലേ സുജ്ഞാനപട്ടമെന്ന അപരനാമം കരസ്ഥമാക്കുവാൻ പതിനെട്ടാം നൂറാണ്ടിലേ ഒരു ഡച്ചു പ്രോട്ടസ്റന്റു മിഷ്യനറിയായ 'ബാർഡെയെസ്' മൂലഗ്രന്ഥം ഗോപ്യമാക്കിവച്ചുകൊണ്ടു് സപ്രയത്നപൂർവ്വം എന്ന നാട്ടത്തിൽ ഫ്രെഞ്ചുഭാഷയുടെ പുസ്തകം ഏറക്കുറെ മുഴുവനും പകർത്തി സ്വന്തപേരും വച്ചു പ്രസിദ്ധം ചെയ്തു. എന്തൊരു കഷ്ടം! ഈ മനുഷ്യാധമന്മാരുടെ സാഹസപ്രവൃത്തികളെക്കുറിച്ചു് എത്രതന്നെ വിലപിച്ചാലും മതിയാകുമോ? 'Tulit alter honores, 'അന്യനപഹരിച്ചു അഭിമാനകീർത്തികളും' എന്നലത്തീൻ സൂരിവാ

കൃം ഇത്തരുന്നത്തിൽ എത്രയോ അത്ഥവത്തായിരിക്കുന്നു!.

ബ. ഫൊനീച്ചിയോയുടെ കോഴിക്കോട്ടവാസത്തിൽ താൻ ഹിന്ദുക്കളുമായി നടത്തിയ നിരവധി പ്രതിവാദനങ്ങളിൽ നിന്നു തനിക്കു ഹിന്ദുമതത്തെക്കുറിച്ചുള്ള വിപുലജ്ഞാനം വേണ്ടത്രനിലയ്ക്കുമാകുന്നു. ഒരിക്കൽ നമ്മുടെ കഥാപാത്രവുമായിനടന്ന ഒരു വിവാദത്തിൽ വിചിത്രവർണ്ണകംബളനിർമ്മിതമായ ശയ്യോപധാനങ്ങളാൽ സജ്ജീകരിക്കപ്പെട്ട പല്ലക്കിന്മേൽ ഉപവിഷ്ടനായി, മയൂരപിഞ്ഛനിർമ്മിതമായ താലവൃന്തകംകരത്തിലേന്തി, വാമഹസ്തത്താൽ അധരാധരദംശനംചെയ്തു് ഉത്തീഷ്ഠാഭിമുഖരായി ആലവട്ടംചാർത്തുന്ന ആജ്ഞാവശംവദന്മാരുടെ പരിഷേവനത്തോടും, കടാക്ഷവീക്ഷണപ്രതീക്ഷിണികളായ സീമന്തിനിമാരുടെ പ്രേമശുശ്രൂഷകളോടും, ഗജാനന്തരാജ്യാവായ കൊട്ടങ്ങല്ലൂർമന്നന്റെ അകമ്പടിയോടുംകൂടി കോഴിക്കോട്ടസാമൂതിരി സന്നിഹിതനായിരുന്നു. പാതിരി ശകുതിയുക്തം പ്രതിപക്ഷികളുടെ വാദമുഖങ്ങളെ ഖണ്ഡിച്ചു. കത്തോലിക്കമതത്തിന്റെ മാഹാത്മ്യവും, സത്യവും, കായ്ക്കാരണഹിതം സ്ഥാപിച്ചപ്പോൾ മഹീപതികൾ കായ്ത്തിന്റെ സത്യാവസ്ഥമനസ്സിലാക്കി പരാജിതരായ ബ്രാഹ്മണപണ്ഡിതരെ പരസ്യമായി പരിഹസിക്കുന്നതുചെയ്തു.

ഈ വിധംനടന്ന വാദവിഷയങ്ങളിൽ ചിലതിനെക്കുറിച്ചു് ഇവിടെ അല്പമൊന്നു വിവരിക്കുന്നതു് കഥാനായകന്റെ ഹൈന്ദവപരിജ്ഞാനത്തെ വിശദമാക്കുവാൻ ഉപകരിക്കുമെന്നതോന്നുന്നു. എന്നാൽ ഈ വിവരണം എന്റെ വാത്സല്യ ഹൈന്ദവസോദരങ്ങൾ അനുഗ്രഹിക്കുമെന്നപേക്ഷ.

ഫ്രാൻസുവ-ൽ ഫാദർ ഫൊനീച്ചിയോ വേദവിദുന്മാരായ ബ്രാഹ്മണരുമായി കത്തോലിക്കമതത്തിന്റെ ദൈവികസ്ഥാപനത്തെയും ദൈവത്തിന്റെ ഏകത്വത്തെയും, സുവിശേഷങ്ങളുടെ വിശ്വാസത്തെയുംപറ്റി പ്രചണ്ഡമായ വാദപ്രതിവാദം നടത്തുകയായിരുന്നു. തന്റെ ഈ വാദവിഷയങ്ങളെ സുസ്ഥാപിതമാക്കുവാൻ താൻ ഉപയോഗിച്ചയുക്തികൾഎതിരാളികളിൽ ഭ്രംപക്ഷവും സശിരഃകമ്പം സമ്മതിച്ചുവെങ്കിലും ബ്രാഹ്മണരിൽ ഒരുവൻ ത

ന്റെ മതവും ക്രീസ്തുമതത്തെപ്പോലെ നല്ലതാണെന്നും, പുരാണങ്ങളിൽ ലോകസൃഷ്ടിയെക്കുറിച്ച് എല്ലാം തെളിവായികൊടുത്തിട്ടുണ്ടെന്നും ശഠിച്ചു. ലോകസൃഷ്ടിയെപ്പറ്റി വിവരിക്കുന്ന പുസ്തകം കൊണ്ടുവരുവാൻ വൈദികൻ ആവശ്യപ്പെട്ടുകയും, അപ്രകാരംവിപ്രപ്രവീണൻ പുസ്തകംകൊണ്ടുവന്നഗാനത്രപത്തിൽലോകാവിർഭാവത്തെക്കുറിച്ചു ദൈവം എങ്ങനെ ആദിയിൽ അണ്ഡാകൃതികൈയ്യോണ്ടെന്നും, അതുപൊട്ടി ഒരു പകുതികടൽ, കര, നദികരം, പർവതങ്ങരം, ജീവജന്തുക്കരം എന്നിവയായിതീർന്നെന്നും, മറേറപകുതി ആകാശഗോള (വിശ) ങ്ങളായി രൂപാന്തരപ്പെട്ടെന്നും, ഈ നവീനവിശ്വം ബ്രഹ്മാവു് ഒരു വൃഷഭഗാലത്തിൽ സ്ഥാപിച്ചെന്നും, എന്നാൽ അടിഉറയ്ക്കാതെ വിശ്വം കടകം മറിയുവാൻപോയപ്പോരം ഒരു ബ്രഹ്മാണ്ഡശില അതിനു താങ്ങായിനൽകിയെന്നുംമറുമുള്ള ഇതിഹാസം അതിപാടവത്തോടെ ആലപിച്ചു. മിഷ്യനറിയോ എന്നാൽ ഈ കഥയുടെ അർത്ഥശൂന്യതപിച നിസ്സാരപോദ്യങ്ങളിൽഅവർക്ക് മനസ്സിലാക്കികൊടുത്തു. "ഈ ബ്രഹ്മാണ്ഡശില എവിടെ നിന്നുവന്നു? ഈ ബ്രഹ്മാണ്ഡശിലയും, വൃഷഭരാജനും ഏതിന്മേൽ തങ്ങളുടെ സ്ഥാനമുറപ്പിച്ചു?" ഇവയ്ക്കുപോലും സമാധാനം നൽകുവാൻ പ്രാപ്തരാകാതെ അസ്വസ്ഥരായി പ്രതിരോധികരം പിൻവാങ്ങി. വേറൊരിക്കൽ വേദസിദ്ധാന്തികരം എന്നദിവസം നിശ്ചയിക്കപ്പെട്ടുവന്ന ചില അന്തസ്സുകരം കത്തോലിക്കർ ഈശോ, മറിയം, എന്നിവരുടെ പ്രതിമകരംക്കു വന്ദനംചെയ്യുന്നുവെന്നുപറഞ്ഞു മിഷ്യനറിയെ അവഹേളിച്ചപ്പോരം പ്രതിമയ്ക്കല്ല കത്തോലിക്കർ വന്ദനംചെയ്യുന്നതു പിന്നയോ പ്രതിമ ആരെ അനുസ്മരിപ്പിക്കുന്നവോ അവരെയാണ് ക്രിസ്ത്യാനികരം വണങ്ങുന്നതെന്നു മിഷ്യനറി യുക്തിയുക്തം ഉത്തരംനൽകി അവരെ അധരാജ്ഞനംചെയ്യിച്ചു. ഇതവസരത്തിൽ മൂഷികവാഹനത്തിന്മേൽ സവാരിചെയ്യുന്ന ഗണേശനെക്കുറിച്ചും, അദ്ദേഹത്തിന്റെ കരിമസ്തകത്തെപ്പറ്റിയും, ദന്തിരാജഗുണ്ഡ ഖണ്ഡത്തെക്കുറിച്ചും, അമിതഭോജനപ്രിയംമൂലം തനിക്കുനേരിട്ട വിപത്തുകളെപ്പറ്റിയും, നാനാന്തര ശിലാ

(ശേഷം 113-ാംപക്ഷം കാണുക.)

നിത്യസഹായത്തിന്റെ അമ്മ.

(ഒരു വൈദികൻ)

നിത്യപട്ടണം അഥവാ റോമാനഗരം സന്ദർശിക്കുന്ന ഒരുവനു്, ഭൂലോകദേവാലയങ്ങളുടെ മാതാവായ വി. യോഹന്നാന്റെ നാമത്തിലുള്ള ലത്തറാൻ പള്ളിയിൽനിന്നും മെരുലാനവഴിയിൽക്കൂടി മഞ്ഞുമാതാവിന്റെ പള്ളിയിലേക്കു് പോകുമ്പോൾ ഗോത്തിക്കു്സ്റ്റൈലിൽ അതിമനോഹരമായി പണിതിട്ടുള്ള ഒരു ദേവാലയം കാണാം. അതു് വിശുദ്ധ അല്ഫോൻസ് ലിഗോരിയുടെ നാമത്തിൽ (Redemptorist) റെദംപ്തോറിസ്റ്റ് സഭക്കാരുടെ വകപള്ളിയാണു്. ആ ദേവാലയത്തിൽ പ്രവേശിച്ചാൽ ആദ്യമായിനാം കാണുന്നതു് പ്രധാന ബലിപീഠത്തിന്റെ മുകളിൽ സ്വർണ്ണംകൊണ്ടുള്ള ചട്ടത്തിന്റെ ഉള്ളിൽ അതിമനോഹരമായി അലങ്കരിച്ചുവച്ചിട്ടുള്ളതും, ഇടവിടാതെ കത്തിക്കൊണ്ടു് നില്ക്കുന്ന അനേകായിരം മെഴുകുതിരികളുടെ മദ്ധ്യേ കൃപാകടാക്ഷത്തോടെ നമ്മേ നോക്കിക്കൊണ്ടിരിക്കുന്നതുമായ മാതാവിന്റെ ഒരു ഛായാപടമാണു്. അതിവിശേഷമായ പട്ടകം സ്വർണ്ണപ്പീഠകം മുതലായവയാൽ അലംകരിച്ചു് ഈ പടം ഏറ്റം ഭംഗിയാക്കീട്ടുണ്ടു്. മാതാവിന്റെയും തന്റെകൈകളിൽഇരിക്കുന്നഉണ്ണി ഈശോയുടേയുംമനോഹരത്വവും ഭംഗിയും എത്രത്തോളം എന്നു വർണ്ണിക്കുക അസാദ്ധ്യമാണു്. ഈ അത്ഭുതകരമായ പടത്തിന്റെ പ്രതികം ലോകത്തിന്റെ നാനാഭാഗങ്ങളിലും വിതരണം ചെയ്യപ്പെട്ടിട്ടുള്ളതിനാൽ പലരും അതു കണ്ടിരിപ്പാൻ ഇടയുണ്ടു. ഈ പടത്തിൽ ദൈവജനനിയുടെ സമീപേ വിനയത്തോടും വലിയ ആദരവോടുംകൂടി നില്ക്കുന്ന രണ്ടു ദൈവദൂതന്മാർ ഗ്രീക്കുവിവരണത്തിൽ കണ്ടപ്രകാരം വിശുദ്ധ മിഖായേലും വി. ഗൌറിയേലും ആകുന്നു.

പതിനഞ്ചാം നൂറാണ്ടിൽ യൂറോപ്പിന്റെ തെക്കുഭാഗം മഹമ്മദീയർ ആക്രമിക്കയുണ്ടായി. ദേവാലയങ്ങളും വിശുദ്ധ വസ്തുക്കളും അവർ ചുട്ടുദഹിപ്പിക്കയും ക്രിസ്ത്യാനികളെ വധിക്കയും അവരുടെ വസ്തുക്കൾ കൊള്ളചെയ്കയും ചെയ്തു. അളുകൾ പ്രാണഭയംമൂലം വിദേശങ്ങളിലേയ്ക്കു് ഓടി രക്ഷപ്പെട്ടു. ഈ പ്രയാണത്തിൽ ഓരോരുത്തനും അവനവന്റെ ശക്തി

ഇൻഡ്യയിലേഏറ്റംവലിയ സെമ്മിനാരി:– ആലുവായിലേ മംഗലപ്പുഴ സെമ്മിനാരിയിൽ ഇക്കൊല്ലം 285 വൈദികവിദ്യാത്ഥികളുണ്ടു്. ഇൻഡ്യയിൽ ഇത്രവലിയ സെമ്മിനാരി മറ്റില്ലെന്നു കാണുന്നു. ഇതിൽ ചങ്ങനാശേരി രൂപതയിൽനിന്നും നൂറ്റിരണ്ടും വരാപ്പുഴ രൂപതയിൽനിന്നു നാല്പത്തെട്ടും എറണാകുളം രൂപതയിൽനിന്നു നാൽപതും കൊച്ചിരൂപതയിൽനിന്നു ഇരുപത്തൊൻപതും വൈദികവിദ്യാത്ഥികൾ ഇപ്പോൾ പഠിച്ചുവരുന്നുണ്ടു്. മറ്റുപത്തു രൂപതകളിലേയ്ക്കു പത്തും അതിൽകുറഞ്ഞും വിദ്യാത്ഥികൾ അദ്ധ്യയനം ചെയ്യുന്നതായും കാണുന്നു.

പോലെ വഹിപ്പാൻതക്ക സാധനങ്ങൾകൂടെ കൊണ്ടുപോയിരുന്നു. ക്രേത്തെദ്വീപുനിവാസിയും നല്ല ഭക്തനും ആയിരുന്ന ഒരു കച്ചവടക്കാരൻ ആ പെരിയ തുരുത്തിൽ വലിയ ഭക്തിയോടുകൂടി വണങ്ങപ്പെട്ടിരുന്നതും അനേക അത്ഭുതങ്ങളും ഉണ്ടായിക്കൊണ്ടിരുന്നതും ആയ മാതാവിന്റെ ഒരു ഛായാപടം ഇറാലിയിലേക്കു കൊണ്ടുവന്നു. ആ കാലങ്ങളിൽതന്നെ ക്രേത്തെ എന്ന തുരുത്തിൽ ഈ പടം വഴിയായി ദൈവജനനി ചെയ്തിരുന്ന അത്ഭുതങ്ങളെയും പലരും വിവിധങ്ങളായ കഥകളും ആ പടത്തിനു സമർപ്പിച്ചിട്ടുള്ളതിനേക്കുറിച്ചും വിദേശങ്ങളിൽകൂടിയും അറിയപ്പെട്ടിരുന്നു. ഈവിധം പ്രകീർത്തിതമായിട്ടുള്ളതാണ് മേൽപ്രസ്താവിച്ച പടം. ഈ അത്ഭുതപടം വിശുദ്ധ ലൂക്കാ സുവിശേഷകൻ എഴുതിയതും വിശുദ്ധ പൌലോസ് അപ്പോസ്തലനാൽ ആ ദ്വീപിൽ സ്ഥാപിക്കപ്പെട്ടതും ആണെന്നു വിചാരിക്കപ്പെടുന്നു. ഇറാലിയിലേക്കു ഈ പടം കൊണ്ടുപോരുന്ന വഴിക്കു കടൽ ക്ഷോഭിക്കയും കപ്പൽ അപകടത്തിൽപെട്ടും എന്ന നിലയിൽ എത്തുകയും ചെയ്തപ്പോൾ കപ്പലിൽ ഉണ്ടായിരുന്നവർ എല്ലാവരും ഭയപ്പെട്ട അപകടത്തിൽനിന്നും തങ്ങളെ രക്ഷിക്കണമേ എന്നു കൂട്ടമായി ഈ പടത്തിന്റെ മുമ്പാകെ സാഷ്ടാംഗം വീണു മാതാവിനോടു പ്രാർത്ഥിച്ചു. ഹാ! എന്തൊരു വിസ്മയം! കൊടുങ്കാറ്റും പിശറും പെട്ടെന്നു ശാന്തമായി; എല്ലാവരും സന്തോഷഭരിതരായി; ദൈവജനനിയുടെ സഹായത്താൽ സംഭവിച്ച ദൈവസഹായത്തിനു നന്ദിപറഞ്ഞു. ഇങ്ങനെ സന്തോഷത്തോടും യാതൊരാപത്തുകൂടാതെയും റോമായിൽ എത്തുകയും ഉടനെ തങ്ങളേയും കപ്പലിൽ ഉണ്ടായിരുന്ന മറ്റെല്ലാവരേയും ഭയങ്കരമായ അപകടത്തിൽനിന്നും രക്ഷിച്ച മാതാവിന്റെ പടത്തെ ആ കച്ചവടക്കാരൻ തന്റെ വീട്ടിൽ പ്രത്യേകമായി ഒരു മുറിയിൽ അലങ്കരിച്ചുവച്ചു ഭക്തിയോടെ വണങ്ങിവരികയും ചെയ്തിരുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ ഈ കച്ചവടക്കാരനു കഠിനമായ ഒരു ദീനം പിടിപെട്ടു. പല ഡോക്ടർമാരുടെ ചികിത്സകളും വേണ്ടുംവിധമെല്ലാം ചെയ്തിട്ടും ദീനത്തിനു പറയത്തക്ക ഭേദഗതിയൊന്നുണ്ടായില്ല. ഒടുവിൽ മരിച്ചുപോകുമെന്നുള്ള നില ആയപ്പോൾ അയാളുടെ മകനെ അടുക്കൽവിളിച്ചു താൻ ക്രേത്തെ ദ്വീപിൽനിന്നും കൊണ്ടുവന്ന മാതാവിന്റെ പടം പൊതുവണക്കത്തിനായി ഏതെങ്കിലും ഒരു പള്ളിയിൽ സ്ഥാപിക്കണം എന്നു പ്രത്യേകം പറഞ്ഞു മകനെ ഭരമേല്പിച്ചു അയാൾ മരിച്ചു. അയാളുടെ മരണശേഷം മകൻ, പിതാവു പറഞ്ഞേൽപ്പിച്ചിരുന്നപ്രകാരം പടം പള്ളിയിൽ ഏൽപ്പിക്കാതിരുന്നതിനാലും ശരിയായ വണക്കങ്ങൾ അതിനു ചെയ്യാതിരുന്നതിനാലും അനാചാരപരമായ പെരുമാറ്റംകൊണ്ടും ആ കുടുംബത്തിനു പല നാശങ്ങളും സംഭവിച്ചു. അനന്തരം ആ വീട്ടിലുണ്ടായിരുന്ന ഒരു കുട്ടി

ക്കു മാതാവു പ്രത്യക്ഷപ്പെട്ട് തന്റെ പടം "മരിയമജോരെ" എന്നു പറയുന്ന മഞ്ഞുമാതാവിന്റെ പള്ളിയുടെയും എല്ലാ പള്ളികളുടേയും മാതാവു് എന്നു വിളിക്കപ്പെടുന്ന ലത്തരാൻ ദേവാലയത്തിന്റെയും മദ്ധ്യേ വിശുദ്ധ ആഗസ്തീനോസു് സഭക്കാരുടെ വകയായ വിശുദ്ധ മത്തായിഗ്ലീഹായുടെ പള്ളിയിൽ സ്ഥാപിക്കണമെന്നു കല്പിക്കയുണ്ടായി. അതനുസരിച്ചു് ആഘോഷമായി ആ പള്ളിയിൽ പ്രസ്തുതപടം പ്രതിഷ്ഠിക്കയും അന്നുമുതൽ റോമാപട്ടണവാസികളും ക്രമംക്രമമായി വന്നു ആ പടത്തിന്റെ സന്നിധിയിൽ പ്രാർത്ഥിക്കയും അവരുടെ പ്രാർത്ഥനകൾക്കു ഫലസിദ്ധിയുണ്ടാകയും ചെയ്തു. തൻമൂലം വിശുദ്ധ മാപ്പാപ്പാമാരും കർദ്ദിനാളന്മാരും, മെത്രാന്മാരും, പട്ടക്കാരും, വിദേശരാജ്യങ്ങളിൽ നിന്നുപോലും അനേകജനങ്ങളും നിത്യവും വന്നു പടത്തെ വണങ്ങിയിരുന്നു. ഇങ്ങിനെ മുന്നൂറുവർഷത്തോളം ഈ പടത്തെ ജനങ്ങളും ഭക്തിതീണ്ണതയോടെ വണങ്ങിവന്നിരുന്നു. കാലക്രമേണ ഭക്തികുറഞ്ഞുവരികയും കൊവേന്തയിലെ സന്ന്യാസികളുടെ എണ്ണം ചുരുങ്ങുകയും പള്ളിയും കൊവേന്തയും ജീർണ്ണിച്ചു് ഉപയോഗശൂന്യമായിത്തീരുകയും തൻനിമിത്തം അവിടെ ഉണ്ടായിരുന്ന സന്ന്യാസികളും സ്ഥലം വിട്ടുപോകയും ചെയ്തു.

സന്ന്യാസികളും അവരുടെ സാമാനങ്ങളും കൊണ്ടു പോയപ്പോൾ ഉപേക്ഷിക്കപ്പെട്ട സ്ഥിതിയിൽ ഈ പടം ആ കൂട്ടത്തിലുണ്ടായിരുന്ന ഒരു വൃദ്ധസന്ന്യാസി സഹോദരൻ എടുത്തുകൊണ്ടുപോയി. അവരുടെ കൊവേന്തയിൽ ഒരു ചെറിയമുറിയിൽ ആ സഹോദരൻ തന്നെ അതു സൂക്ഷിക്കയും ആ പടത്തിന്റെ അടുക്കൽ അയാൾ പലപ്പഴും പ്രാർത്ഥിക്കയും ചെയ്തുവന്നു. ഇതിനിടയ്ക്കു് 1809-1815 ഈ വർഷങ്ങളിൽ നെപ്പോളിയൻ ബോണപ്പാർട്ടു് വിശുദ്ധ മത്തായി ശ്ലീഹായുടെ ഈ ദേവാലയവും കൊവേന്തയും നശിപ്പിച്ചുകളകയുണ്ടായി. എന്നാൽ പുതിയ സ്ഥലത്തു് വിശുദ്ധ ആഗസ്തീനോസു് സഭക്കാരുടെ കൊവേന്തയിൽ 25 വർഷത്തോളം ആ സഹോദരന്റെ മുറിയിൽ ഈ പടം സൂക്ഷിച്ചുവരവെ കർബാനയ്ക്കുകൂടുന്നതിനും മറ്റുമായി മാർച്ചി എന്ന പേരുള്ള ഒരു കൂട്ടി പലപ്പോഴും ആ

ബാങ്കുളൂരിലെ പുതിയ സെമ്മിനാരി:- വിദേശമിഷൻ സൊസൈറിയാൽ നടത്തപ്പെട്ടുപോരുന്ന ബങ്കുളൂർ, പോണ്ടിച്ചേരി, കോയംപത്തൂർ, കുംഭകോണം, സേലം ഈ അഞ്ചുരൂപതകൾക്കു് പൊതുവായുള്ള ഒരു സെമ്മിനാരി ബങ്കുളൂരിൽ പണി തീർത്തു് കഴിഞ്ഞ ആഗസ്റ്റ 3-നു- ബങ്കുളൂർ ബിഷോപ്പു് അവർകളാൽ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ പുതിയ സെമ്മിനാരിയിൽ മേൽപറഞ്ഞ അഞ്ചുരൂപതകളിൽപെട്ട 72 വിദ്യാർത്ഥികൾ അദ്ധ്യയനം തുടങ്ങിയിട്ടുണ്ടു്. നൂറു വിദ്യാർത്ഥികൾക്കു താമസിച്ചു അദ്ധ്യയനം നടത്തുന്നതിനു വേണ്ട സ്ഥലസൗകര്യം ഈ പുതിയ കെട്ടിടത്തിനുണ്ടു്.

കൊവേന്തയിൽ വരികയും ഈ സഹോദരൻ ആ കുട്ടിയോട് മാതാവിന്റെ പ്രസ്തുതപടത്തെപ്പറ്റി പലപ്പോഴും പറയുകയും ഇരുവരും ഈ പടത്തിന്റെ അടുക്കൽ പ്രാർത്ഥിക്കയും ചെയ്തിരുന്നു. 1845-ാമാണ്ടിൽ വാൽക്യത്തിൽ എത്തിയ സഹോദരൻ ഈ കുട്ടിയെ വിളിച്ചു ഈ പടം കാണിച്ചു കൊണ്ട് താൻ മരിച്ചുപോയാലും ഈ പടം പ്രത്യേകം സൂക്ഷിക്കണമെന്നും അതിനടുക്കൽ പ്രാർത്ഥിക്കണമെന്നും കുട്ടിയോട് പറഞ്ഞു. പിന്നീട് പലപ്പോഴും 1853-ൽ ആ കിഴവൻ മരിക്കുന്നതുവരെയും ഈ വിധം ആവർത്തിച്ചു പറയുകയും ഓർമ്മിപ്പിക്കയും ചെയ്തിരുന്നു.

ഈ കുട്ടി പിന്നീട് വിദ്യാഭ്യാസം ചെയ്ത് Redemptorist ദൈവപ്പോരിസ്റ്റ് സഭയിൽ ചേർന്ന് വൈദികനായി. ചെറുപ്രായത്തിൽ ആഗസ്തീനോസ് സഭക്കാരനായിരുന്ന ആ വൃദ്ധ സഹോദരൻ മാതാവിന്റെ പടത്തെപ്പറ്റിതന്നെ ഓർമ്മിപ്പിച്ചിരുന്നകാര്യം കാലാന്തരത്തിൽഇദ്ദേഹം മറന്നുപോയി. വളരെക്കാലം കഴിഞ്ഞ് ഒരിക്കൽ ഒരു സന്യാസിപ്രസ്തുത കൊവേന്തയുടെ നാളാഗമം വായിച്ചപ്പോൾ മുൻകാലങ്ങളിൽ റോമ്മയിൽ ഉണ്ടായിരുന്ന വിശുദ്ധ മത്തായി ഗ്രീഹായുടെ പള്ളിയിൽ പൂജ്യമായി വണങ്ങിവന്നിരുന്ന മാതാവിന്റെ അത്ഭുതപടത്തെപ്പറ്റിയും അവിടെ നടന്നിരുന്ന അത്ഭുതസംഭവങ്ങളെപ്പറ്റിയും പ്രസ്താവിച്ചിരുന്നതു കേൾക്കാനിടയായി. പിന്നീട് 1863-ൽ ബ്ലോഡിയൊ എന്ന ഒരു ഈശോസഭക്കാരനായ പട്ടക്കാരൻ അവിടെ ധ്യാനപ്രസംഗം നടത്തുകയിൽ, റോമ്മായിലെ മാതാവിന്റെ ഈ പടം വഴിയായി ദൈവജനനി മനുഷ്യർക്കു ചെയ്തിരുന്ന ഉപകാരങ്ങളെപ്പറ്റി വിവരിക്കുകയും ദൃഷ്ടാന്തമായി വിശുദ്ധ മത്തായി ശ്ലീഹായുടെ ദേവാലയത്തിൽ പരിശുദ്ധ കന്യകയുടെ ഒരു തിരുനാൾദിവസം തുർവാതക്കാരനായ ഒരുവനെ കട്ടിലിൽ എടുത്തുകൊണ്ടുവന്ന മാതാവിന്റെ ഈ പടത്തിന്റെ മുമ്പാകെ കിടത്തി അവന്റെ സുഖപ്രാപ്തിക്കുവേണ്ടി അപേക്ഷിക്കയിൽ രോഗി പെട്ടെന്നു കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റു മറ്റുള്ളവരോടുകൂടി മുട്ടുകുത്തി നിന്നു പ്രാർത്ഥിക്കയും അവനെ എടുത്തു കൊണ്ടുവന്ന കട്ടിൽ അവൻ തന്നെ എടുത്തുകൊണ്ടു പോകയും ചെയ്തവിവരവും പറഞ്ഞു കേൾക്കാനിടയായി. ഇതിനാൽ മാർച്ചി എന്ന പട്ടക്കാരനു താൻ കുട്ടിയായിരുന്ന കാലത്തു് ആ സഹോദരൻ തന്നെ പറഞ്ഞേൽപ്പിച്ചിരുന്ന പടത്തെപ്പറ്റി ഓർമ്മവന്നു. ഉടനെ സഭയുടെ ശ്രേഷ്ഠനെവിവരംഅറിയിക്കയും Redemptorist ദൈവപ്പോരിസ്റ്റ് സഭാംഗങ്ങളും എല്ലാവരും കൂടി ആലോചിച്ച് ആ പടം വിശുദ്ധ ആഗസ്തീനോസ് സഭക്കാരിൽ നിന്നും തങ്ങൾക്കു തരുവിക്കുന്നതിനായി പരിശുദ്ധ പിതാവിനോട് അവർഅപേക്ഷിക്കയുംചെയ്തു. തന്മൂലം മഹാവിശുദ്ധ പിതായി

ഗ്ലീഹായുടെ ദേവാലയം ഇരുന്ന സ്ഥലത്തു് റെഡംപ്ടോറീസ്റ്റ് സഭക്കാർ പണിയിച്ചിട്ടുള്ള വിശുദ്ധ അല്പോൻസ്ലിഗോരി പുണ്യവാന്റെ നാമത്തിലുള്ള പള്ളിയിൽ സ്ഥാപിക്കുന്നതിനായി ആ പടം കൊടുക്കുന്നതിനു 1863-ൽ ഒൻപതാം പീയൂസു പാപ്പാ വിശുദ്ധ അഗുസ്തീനോസു സഭക്കാരുടെ ശ്രേഷ്ഠനു കല്പന കൊടുക്കയും ഇങ്ങനെ മൂന്നു വർഷക്കാലം വണങ്ങി വന്നിരുന്ന സ്ഥലത്തു്, അവിടുന്നു എടുക്കപ്പെട്ടിട്ടു നാ വർഷം കഴിഞ്ഞപ്പോൾ വീണ്ടുംപ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ഈ പടംആഗുസ്തീനോസ് സഭക്കാരുടെ കൈവശത്തിൽ നിന്നുംആഘോഷമായി കൊണ്ടുപോന്നവഴിക്കു താമസിച്ചിരുന്ന ഒരു വിധവ, മരിക്കാറായി എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരു കുട്ടിയെ എടുത്തുഈ പടത്തിന്റെ മുമ്പിൽകിടത്തുകയുംആകുട്ടിക്കുവേണ്ടിഅവൾപ്രാർത്ഥിക്കയും ചെയ്തുയിൽ കുട്ടിയുടെ ദീനംപെട്ടെന്നുമാറുകയുംപൂർണ്ണസുഖംപ്രാപിച്ചു് പ്രത്യക്ഷിണത്തോടുകൂടിആകുട്ടിപോകയുംചെയ്തു. അപ്രകാരംതന്നെ എട്ടുവയസ്സു പ്രായമുള്ള തളർവാതക്കാരത്തി ആയിരുന്ന ഒരു പെൺകുട്ടിക്കും പൂർണ്ണസുഖം സിദ്ധിച്ചു. ഈ സംഭവങ്ങൾ കണ്ണാകണ്ണികയാനാട്ടിലൊക്കെ പ്രസിദ്ധമാകയും പലതരം ദീനക്കാർ മാതാവിന്റെ സന്നിധിയിൽ ആഭയം പ്രാപിക്കയും എല്ലാവക്കും സഹായങ്ങളും ലഭിക്കുകയും ചെയ്തിരുന്നു. റോമ്മായിൽ ഈ പടം ഇരിക്കുന്ന സ്ഥലത്തു മാത്രമല്ല, ഈ പടത്തിന്റെ പ്രതികരം എവിടെയെല്ലാമുണ്ടോ അവിടെയൊക്കെയും മാതാവു അത്ഭുതസഹായങ്ങളും ചെയ്യുന്നുണ്ടു്. അതിനാൽ നിത്യസഹായത്തിന്റെ നാമത്തിൽ മാതാവിന്റെ ഒരു തിരുനാൾ പ്രത്യേക 'വായിപ്പോ'ടും നമസ്ക്കാരത്തോടുംകൂടി വിശുദ്ധ യോഹന്നാൻ മാംദോനായുടെ തിരുനാൾ കഴിഞ്ഞുവരുന്ന തൊയറാഴ്ച ആണ്ടുതോറും ആഘോഷിക്കണമെന്നു ഭാഗ്യസ്മരണയ്ക്കർഹനായ ഒമ്പതാം പീയൂസു പാപ്പാ കല്പിക്കയും, വിലതീരാത്ത അനേക രത്നങ്ങളും പതിച്ചിട്ടുള്ളതും അതിമനോഹരമായി നിർമ്മിച്ചിട്ടുള്ളതുമായ ഒരു സ്വർണ്ണമുദ്ര ഈ പടത്തിന്റെ ശിരസ്സിൽ പരിശുദ്ധപിതാവിന്റെ നിയോഗം അനുസരിച്ചു പല കർദ്ദിനാളന്മാരും അനേകം മെത്രാന്മാരും ഏറിയ പട്ടക്കാരും അസംഖ്യം ജനങ്ങളും കൂടി ആഘോഷാഡംബരങ്ങളോടുകൂടി ധരിപ്പിക്കയുംചെയ്തു. അനുഗ്രഹം നിറഞ്ഞ അമ്മ ഐഹികസഹായങ്ങളും മാത്രമല്ല, നൽകുന്നതു്; പ്രത്യുത കഠിനഹൃദയരായ കൊടുംപാപികൾപോലും ഈ പടത്തിന്റെ മുമ്പിൽ പ്രാർത്ഥിക്കുന്നതിനിടയായാൽ അനുതാപപ്പെട്ട തരളഹൃദയരായി പിന്തിരിഞ്ഞു വരുന്നുണ്ടു്. വിമലഹൃദയരായ യുവതീയുവാക്കന്മാർ ലൌകിക സുഖഭോഗങ്ങളെ ത്യജിച്ചു ദൈവസ്തുതിക്കും ആത്മരക്ഷക്കുംവേണ്ടി തങ്ങളെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നതിനും വൈദികഅന്തസ്സിലിരിക്കുന്നവക്കും കൂടംബജീവിതം കഴിക്കുന്നവക്കും അവരവരുടെ അന്തസ്സിനടുത്ത പുണ്യജീവിതം കഴിക്കുന്നതി

നംവേണ്ട ദൈവികമനോഹ്ലണങ്ങളും ഈ അമ്മയുടെ സഹായത്താൽ നിത്യവും ലഭിച്ചുവരുന്നു. ഈലോകജീവിതഗതിയിൽ വിവിധമാർഗ്ഗങ്ങളിൽക്കൂടി മുമ്പോട്ട പാഞ്ഞുകൊണ്ടിരിക്കുന്ന നമുക്കു—ലോകം, പിശാചു, ശരീരംഎന്ന ത്രിവിധ ശത്രുക്കളോടു നിത്യം പോരാടേണ്ടവരായ നമുക്കു—മനോവികാരങ്ങളുടെ തള്ളലുകൊണ്ടു പലതരത്തിലും ആപത്തുകളിൽ വീഴുന്നതിനിടയുള്ള നമുക്കു; നിത്യസഹായത്തിന്റെ അമ്മയുടെ സങ്കേതത്തിൽ ഓടിഅടുക്കാം.

സുഗത്താൻമിഷൻ.

(പാറ്റ്നാ).

ഫാദർ. കൂട്ടുൻ കച്ചിറമറ്റം.

സുഗത്താൻ, സാന്താൽപറഗനാലിൽപ്പെട്ട ഒരു സ്ഥലമാണു. സുഗത്താനേപ്പറ്റി പറയുന്നതിനുമുൻപായി സാന്താൽപറഗനാൽ എന്ന സ്ഥലത്തെക്കുറിച്ചു രണ്ടുവാക്കുപറയേണ്ടിയിരിക്കുന്നു. ഈ സ്ഥലം കൽക്കത്തായിക്കും ബാഗൽപൂരിനും മദ്ധ്യേ സാന്താളികൾക്കായി ഗവർമെൻറിൽനിന്നും തിരിച്ചിട്ടിരിക്കുന്ന ഒരു മലംപ്രദേശമാണു. ഈ സ്ഥലത്തിനു ഏകദേശം 3500 ചതുരശ്രമൈൽവിസ്തീർണ്ണമുണ്ടു. ഇതു അയൽസ്ഥലങ്ങളേക്കാൾ ഉയന്നതും നിമ്നോന്നവുംആണു. അവിടവിടെയായി ചെറിയചെറിയനദികളുംഉണ്ടു. ഈ സ്ഥലത്തേ നിവാസികളെ സാന്താളികൾ എന്നു വിളിച്ചുവരുന്നു. പണ്ടു ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചപ്പോൾ അവരുടെ ഉപദ്രവത്തിൽനിന്നും രക്ഷപ്രാപിക്കുന്നതിനുംമറ്റുമായി മലംപ്രദേശമായ ഈ സ്ഥലങ്ങളിലേക്കു ഇവിടെയുള്ളവരുടെ പൂർവന്മാർ കുടിയേറിപ്പാർത്തതാണെന്നു ചരിത്രവും ഇവരുടെ പാരമ്പര്യവും സാക്ഷ്യംവഹിക്കുന്നുണ്ടു. ആര്യന്മാരുടെ ആഗമനകാലത്തു് വടക്കേഇൻഡ്യയിൽ ഉണ്ടായിരുന്നവരെ തെക്കേ ഇൻഡ്യയ്ക്കു ഓടിച്ചു എന്നുംമറ്റും ചില ചരിത്രകാരന്മാർ പ്രസ്താവിച്ചുകാണുന്നുണ്ടു. ആ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നു് ഇവിടംവീക്ഷിക്കുന്ന ഏവരും മനസ്സിലാക്കുവുന്നതാണു.

സാന്താളികൾ ഇൻഡ്യയിലെ ആദിമനിവാസികളാണു. ഇവരുടെ ഭാഷ സാന്താളിയുംആണു. ഈ ഭാഷയ്ക്കു ഇൻഡ്യയിലെ മറ്റു ഭാഷകളോടു യാതൊരു സാമ്യവും ഇല്ലെന്നിരുന്നാലും ഇപ്പോൾ ബംഗാളികളുടെയും ഹിന്ദിഭാഷസംസാരിക്കുന്നവരുടെയും സംസർഗ്ഗത്താൽക്രമേണ ഇവരുടെഭാഷയിൽ ചിലബംഗാളിവാക്കുകളും ഹിന്ദിവാക്കുകളും കടന്നുകൂടിയിട്ടുണ്ടു. ആളുകൾ മലയാളത്തിലുള്ള പുലയരെയും പറയരെയുംപോലെ ഏകദേശം എല്ലാവരും കറുത്തവരും അധ്വാനശീലന്മാരുംആണു. ഇവരുടെ പ്രധാനജോലി കൃഷിയാകുന്നു. മറ്റു വ

ടക്കേ ഇൻഡ്യയിലേ ആളുകളുടെമാതിരി ഇവരും ഗ്രാമീണജീവിതം നയിക്കുന്നു. അതായതു് ഇവരുടെ വയലുകൾ കൃഷിക്കുഇട്ടുകൊണ്ടു് കൂട്ടംകൂട്ടമായി ഗ്രാമങ്ങളിൽ ജീവിക്കുന്നു. ആളുകൾ ശുദ്ധമാനസന്മാരും സന്തോഷപ്രിയന്മാരും ആണു്. ആരേക്കണ്ടാലും ഇവർ ചിരിക്കുക സഹജമാണു്. സംസാരമദ്ധ്യേ അകാരണമായിപ്പോലും ധാരാളം ചിരിച്ചുകാണുന്നുണ്ടു്.

സന്താളികളുടെ ഇടയിലെ വേദപ്രചാരരംഗങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്ന ഒന്നാണു് സുഗത്താൻ. ഇവിടെ പല ഗ്രാമങ്ങളിലായി ഏകദേശം 2000 പുതുക്രൈസ്തവരുണ്ടു്. ഇവരെ അന്വേഷിപ്പാൻ ഇപ്പോൾ ഞാൻപ്പടെ രണ്ടു അച്ചന്മാരും നാലുകന്യാസ്ത്രികളും 14 ഉപദേശിമാരും ഉണ്ടു്. ഈ സ്ഥലം കേന്ദ്രമാക്കി ഇവിടെനിന്നും 25 മൈൽ ദൂരംവരെയുള്ളസ്ഥലങ്ങളിൽ, വേദപ്രചാരവേല ഇവിടെനിന്നും നടത്തിവരുന്നു. മിഷ്യനറിമാർ ഇവിടെനിന്നുംതിരിച്ചാൽ ചിലപ്പോൾ രണ്ടും മൂന്നും ആഴ്ച കഴിഞ്ഞാണു് തിരിച്ചെത്തുക. നടന്നും സൗകര്യംപോലെ വാഹനങ്ങളിലും, ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിച്ചു് അവിടെയുള്ള ആളുകളുടെ ആവശ്യങ്ങളെ ആരാഞ്ഞറിഞ്ഞു അവയ്ക്കു നിവൃത്തിമാർഗ്ഗംവരുത്തിക്കൊടുക്കുന്നു. അച്ചന്മാരോടൊന്നിച്ചു സാധാരണ കന്യാസ്ത്രികളുംപുറമേയുള്ള ഗ്രാമങ്ങളിലേയ്ക്കു പോകാറുണ്ടു്. രാത്രികാലം സാധാരണസന്താളികളുടെചെറ്റപ്പുരകളിലും, വാഹനങ്ങളിലുംകഴിച്ചുകൂട്ടുന്നു.

ഈ സ്ഥലത്തെ മിഷ്യൻവേല മറ്റു സ്ഥലങ്ങളെഅപേക്ഷിച്ചു കൂടുതൽ വിഷമമേറിയതാണു്. കാരണം, ഈ സ്ഥലം സന്താളി വർഗ്ഗക്കാർക്കായി മാത്രം ഗവർമെൻറിൽനിന്നു തിരിച്ചു ഇട്ടിട്ടുള്ളതാണു്. ആയതിനാൽ ഇവിടെ സാന്താളികൾക്കല്ലാതെ മറ്റു ആർക്കും സ്ഥലം വാങ്ങി കെട്ടിടം കെട്ടി താമസിക്കുന്നതിനു ഗവർമെൻറു് അനുവാദമില്ല. ഇതിനു വിപരീതമായി ആരെങ്കിലും പ്രവൃത്തിക്കുന്നതായാൽ അവരുടെ വസ്തുവകകൾ ഗവർമെൻറു കണ്ടുകെട്ടുന്നതാണു്. ഈ വസ്തുത അറിയാത്ത ഭാവത്തിലാണു് കത്തോലിക്കാ മിഷ്യനറിമാർ ഇവിടെ വേദപ്രചാരവേല ആരംഭിച്ചതു്. ഈ വേല വിഷമംകൂടാതെ തുടർന്നുകൊണ്ടു പോകുമായിരുന്നു. എന്നാൽ 70 കൊല്ലങ്ങൾക്കു മുൻപു് ചർച്ച ഓഫ് ഇൻഗ്ലണ്ടു എന്നു പറയുന്ന പ്രോട്ടസ്റ്റൻറു മതവിഭാഗക്കാർക്കു, ഇവിടെ വേദപ്രചാരവേല നടത്തുന്നതിനു അനുവാദം ലഭിച്ചിട്ടുണ്ടു്. ഈ 70 കൊല്ലത്തിനകം ഇവരുടെ വേദപ്രചാരവേലയുടെ ഫലം അഞ്ചോ ആറോ വീട്ടുകാർ മാത്രമാണു്. ഇവർ ഗവർമെൻറു പണം പറ്റിക്കൊണ്ടു ഇവിടെ സുഖജീവിതം നയിക്കുന്നു. സാധാരണക്കുഴപ്പമുള്ള മാതിരി ഇവരിലും മതവിദ്വേഷം സഹജമാണല്ലോ. കത്തോലിക്കരുടെ പ്രവേശനം ഇവർ മുഖാന്തരം ഗവർമെൻറു അറിയുകയും അല്ലെങ്കിൽ ഗവർമെൻറിനെ അറിയിയ്ക്കുകയും തദ്വാരാ കത്തോലിക്കമിഷ്യനറിമാരുടെ പ്രവേശനം ഇപ്പോൾ തടയുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ മിഷ്യനറിമാർ താമസിക്കുന്നതു് സന്താളികളുടെ സ്ഥലത്തുള്ള ചെറ്റപ്പുരകളിലാണു്. ജീവിതത്തിനുള്ള യാതൊരു സൌകര്യവും ഇവിടെ ഇല്ല. ഈ സ്ഥലം ഇപ്പോൾ ഏകദേശംഒരു വടക്കഞ്ചേരിക്കുന്നിൽ

പ്പെട്ടിരിക്കുന്നുപോലെ വിചാരിക്കാവുന്നതാണ്. ഇങ്ങനെയെല്ലാമായാലും ദൈവരാജ്യം പരത്തുന്നതിനുള്ള മിഷ്യനറിമാരുടെ ജോലി ജാഗ്രതയായി നടന്നു വരുന്നു. ആളുകൾക്ക കത്തോലിക്കാമിഷ്യനറിമാരോട് അനുഭാവമാണ്. സകലതും ശുഭമായിപര്യവസാനിക്കട്ടെ.

ഇൻഡ്യൻ ക്രിസ്ത്യൻ സമുദായം.

സാമ്രാജ്യനിയമസഭയിൽ ഡോക്ടർ എച്. എക്സ്. ഡിസൂസാ ഇൻഡ്യൻ ക്രിസ്ത്യൻ സമുദായത്തിന് ഉദ്യോഗവിതരണത്തിൽ ന്യായമായ ഭാഗം ലഭിക്കണമെന്ന് വാദിച്ചു കൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ ശക്തിയായി പിൻതാങ്ങിക്കൊണ്ട് ഒരു ഹിന്ദുനേതാവായ മി. ഏ. രാമസ്വാമിമുതലിയാർ (അഞ്ചാമണ കക്ഷി) ചെയ്ത പ്രസംഗത്തിൽ നിന്ന്:—

"രാഷ്ട്രീയമായ സംഗതികളിലേയ്ക്കു തിരിയുകയാണെങ്കിൽ, കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മെക്കായിലേയ്ക്കോ ജപ്പാനിലേയ്ക്കോ തങ്ങളുടെ കണ്ണുകളെ തിരിക്കാത്തതും, തങ്ങളുടെ ഭവിതവ്യതകൾ കുടികൊള്ളുന്ന ഈ രാജ്യത്തിലേയ്ക്കുതന്നെ ശ്രദ്ധ മുഴുവനും ഏകീകരിച്ചിരിക്കുന്നതുമായ ഈ രാജ്യത്തിലെ ചുരുക്കം ചില ന്യൂനപക്ഷസമുദായങ്ങളിലൊന്നാണ് ഇൻഡ്യൻ ക്രിസ്ത്യൻ സമുദായമെന്നുള്ള സർവപ്രധാനമായ ഒരു വസ്തുതയെക്കുടെ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

ഏതുവിധത്തിലുള്ള പരിതഃസ്ഥിതികളിലും, എന്തെങ്കിലും സംസ്ഥാനപരമായ സ്വഭാവസ്നേഹചിന്ത അമിതമായുണ്ടെന്നുള്ള ഒരു കുറ്റം ഇൻഡ്യൻ ക്രിസ്ത്യൻ സമുദായത്തിന്റെ മേൽ ചുമത്തുവാൻ നിവൃത്തിയില്ല. അതിന്റെ ഭവിതവ്യതകൾ, നമ്മുടെ ഭവിതവ്യതകളാകുന്നു; അതിന്റെ ഭാവി നമ്മുടെ ഭാവിയാകുന്നു; അതിന്റെ അഭിവൃദ്ധി സമസ്തഭാരതത്തിന്റെയും ഹിന്ദുസമുദായത്തിന്റെയും മുസ്ലീം സമുദായത്തിന്റെയും അഭിവൃദ്ധിയാകുന്നു. തങ്ങളുടെ പലപ്രവർത്തനങ്ങൾ വഴിയായി രാജ്യവാസികളിൽ തങ്ങളുടെ ഭവിതവ്യതകളെ നിക്ഷേപിക്കുകയും, രാജ്യവാസികളുമായി പൂർണ്ണമായി ഏകീകരിക്കുകയും ചെയ്തിട്ടുള്ള ഒരു ഏതാദൃശസമുദായത്തെ, ഈ രാജ്യത്തിലെ മറേറതു സമുദായത്തേക്കാളും മെച്ചമായി ഗണിക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നത്".

സഭ്യതാസംരക്ഷണലീഗ്:— അസാന്മാർഗികമായ ചലനചിത്രപ്രദർശനങ്ങളോട് നിസ്സഹകരിച്ച് അവയെ നിഷ്ക്കാസനം ചെയ്യുന്നതിനായി അമേരിക്കയിലെ കത്തോലിക്കരുമെത്രാന്മാരുടെ ആഭിമുഖ്യത്തിൽ അവിടെ ഒരു സഭ്യതാസംരക്ഷണലീഗ് ഏർപ്പെട്ടുത്തി ശക്തിമത്തായി പ്രചാരണവേല നടത്തിയതിൽ അത്യാശ്ചര്യമായ വിജയം സിദ്ധിച്ചിരിക്കുന്നു. ഇതിനേതുടർന്ന് മേൽപറഞ്ഞ ഉദ്ദേശ്യത്തോടുകൂടി ഇംഗ്ലണ്ടിലും ഇപ്പോൾ ഇൻഡ്യയിലും കത്തോലിക്കർ പ്രസ്തുത ലീഗ് സ്ഥാപിച്ച് അസാന്മാർഗികമായ പടങ്ങൾ പ്രദർശിപ്പിക്കുന്നവരോട് ഊർജ്ജിതമായ നിസ്സഹകരണം തുടങ്ങിയിരിക്കുന്നു. പരിശുദ്ധ പിതാവിന്റെ അഭിനന്ദനത്തിനു ഈ നിസ്സഹകരണസംഘം ഇടയായെ പാത്രമായിട്ടുണ്ട്. ഇൻഡ്യയിൽ അകത്തോലിക്കപത്രങ്ങളും, ഗണനീയരായ സമുദായനേതാക്കന്മാരും ഈ സംരംഭത്തോട് അനുഭാവം പ്രദർശിപ്പിച്ചുകാണുന്നതിൽ സന്തോഷിക്കുന്നു.

വിഗ്രഹങ്ങൾക്കു ഹൈന്ദവജനതതി നടത്തുന്ന ബലിപൂജകളെ പുരസ്കരിച്ചും മിഷ്യനറിചെയ്ത പ്രസംഗം കുറിക്കൊണ്ടെന്നു പറഞ്ഞാൽതീർന്നല്ലോ.

ഇങ്ങനെതന്നെ കോഴിക്കോട്ടസാമൂതിരി "കത്തോലിക്കർ ദൈവമായിവന്ദിക്കുന്ന ഈശോ കുരിശിൽ തറയ്ക്കപ്പെട്ട യൂദന്മാരാൽ ഘാതനം ചെയ്യപ്പെട്ടവനല്ലേ" ? എന്നുചോദിച്ചപ്പോൾ നമ്മുടെ കഥാപുരുഷൻ നൽകിയ മറുപടി ശ്രദ്ധാർഹംതന്നെ.

'വാസ്തവം; എന്തെന്നാൽ മനുഷ്യൻ പാപംചെയ്തു. അതിനു പരിഹാരംചെയ്വാൻ അവനാൽ സാധ്യമായില്ല. അതുകൊണ്ടു ദൈവപുത്രൻ മനുഷ്യമക്കളുടെ പാപപരിഹാരാർത്ഥം മനുഷ്യനായിപ്പിറന്നു കുരിശിൽ തൂങ്ങിമരിച്ചു. ഓ! പൊന്നുതിരുമേനീ, നമ്മുടെ ഈ മലയാളത്തും ഒരു ഭൃത്യനു തന്റെ കടം വീട്ടുവാൻ സാധ്യമല്ലെങ്കിൽ തന്റെ യജമാനൻ അതു വീട്ടുകപതിവല്ലയോ ? അങ്ങേ ഒരു പ്രജ കഷ്ടത്തിൽ അകപ്പെട്ടാൽ അങ്ങുന്നതന്നെ അവനെ രക്ഷിക്കയില്ലേ ? ദൈവം കുരിശിൽ തൂങ്ങിമരിച്ചതു തിരുമേനി കുറപ്പെടുത്തുന്നു. എന്നാൽ വിഷ്ണുകൃഷ്ണനായി അവതരിച്ചതേപ്പറ്റി അങ്ങുന്നു എന്തുപറയുന്നു ? കൃഷ്ണന്റെ ബാലക്രീഡകളും, ഗോപസ്ത്രീകളുടെ വേനങ്ങളിൽ നടത്തിയ അഴിമതികളും, അവരുടെ പാൽക്കലങ്ങളും പൊട്ടിച്ചു, വെണ്ണ മോഷ്ടിച്ചു, അസന്മാർഗ്ഗികൃത്യങ്ങളിലേർപ്പെട്ടു, അമ്മയുടെകൈകളാൽ കടകോലുകൊണ്ടു പ്രഹരംവാങ്ങിച്ചു, ഒടുവിൽ കുളത്തിൽ കളിച്ചുകൊണ്ടിരുന്ന നാഥഗോപസ്ത്രീകളുടെ വസ്ത്രഭൂഷണാദികളും ഗോപനംചെയ്ത് അവരെ ലജ്ജകൊണ്ടു തോല്പിച്ചതുമറ്റും നിർല്ലജ്ജം ഹിന്ദുക്കൾക്കു, സംവദിക്കയും അങ്ങനെയുള്ളവനെ ആരാധ്യപുരുഷനായി സ്വീകരിക്കയുംചെയ്യാം !! അയാൾ ഒരു ദൈവം ! പുരാണങ്ങളിൽ അയാൾ പതിനാറായിരത്തോളം സ്ത്രീകളെ വിവാഹംചെയ്തിരുന്നതായും അവരെയെല്ലാം താൻ സതീപുത്രാക്കിയിരുന്നതായും പറയുന്നു. ഇപ്രകാരം പുരാണകഥകൾ മിഷനറി, രാജാവിനെ പറഞ്ഞുകേൾപ്പിച്ചപ്പോൾ അടുത്തുനിന്നിരുന്ന ഒരു 'ഭൂദേവൻ' ഇയ്യാൾക്കു ഇതെല്ലാം അറിയാമോ എന്നു് ആശ്ചര്യപൂർവ്വം ചോദിച്ചു. "ഇതുംഇതിലധികവും," എന്നു

ഒരു ക്രിസ്ത്യാനി പ്രതിവചിക്കയുംചെയ്തു. ഇങ്ങനെ ഹിന്ദുപുരാണങ്ങളിലുള്ള അനേകം ഇതിഹാസങ്ങളെ താൻ നല്ലവണ്ണം വ്യുത്പാദിച്ചിട്ടുണ്ടെന്നു മാത്രമല്ല, അന്നത്തെ ഒരു കവികുഞ്ജരനായി കരുതപ്പെട്ടുപോന്ന 'പാക്കനാ'രുടെ പല്ലശകലങ്ങളും പരസ്യമായി ഉദ്ധരിച്ചു ഹിന്ദുമതത്തിലുള്ള അബദ്ധപഠനങ്ങളെ താൻ പ്രതിഷേധിച്ചും വന്നു.

ഈവിധം പുരാണങ്ങളുടെ കഥയില്ലായ്മയെ താൻ വിശദമാക്കിയപ്പോൾ കത്തോലിക്കാമതത്തിന്റെ പുരോഗമനത്തിനു ബദ്ധകങ്കണം പരിശ്രമിച്ചുവരുന്നതിനും താൻ പിൻപന്നല്ലായിരുന്നു. മിഷനറിയോടുള്ള അതീവവാത്സല്യത്തിന്റെ ഫലമായി കോഴിക്കോട്ടുസാമൂതിരി കോഴിക്കോട്ടു് ഒരു ബ്രഹ്മണ്ഡദേവാലയം ക്രിസ്ത്യാനികളുടെ ഉപയോഗത്തിനായി പണിയിച്ചുകൊടുത്തു. സാമൂതിരിയുടെ മാനസാന്തരപ്പെട്ട അനന്തരവനോടുകൂടി മിഷനറി നീലഗിരിമലകളിൽ പോയി അവിടെ വാസംചെയ്തിരുന്ന 'തോഡാർ' ജാതികളെ മാനസാന്തരപ്പെടുത്തുവാനും ശ്രമിച്ചു. എന്നാൽ ഈ സാഹസകൃത്യം സാഫല്യച്ചുങ്കം മൂലം വിജയശ്രീലാളിതമായില്ല.

മിഷനറി ലത്തീൻക്രിസ്ത്യാനികൾക്കു മാത്രമല്ല, സുറിയാനിക്രിസ്ത്യാനികൾക്കും വേണ്ടത്ര സഹായസഹകരണങ്ങളും ചെയ്തുവന്നു. പാന്ത്യിലേ രാജാവു് 'തോമ്മാക്രിസ്ത്യാനികൾ'വക പള്ളിയുടെമേൽ ഒരു പുതിയ നികുതിചുമത്തി; അതടയ്ക്കാതെ ദേവാലയപ്രവേശനം അനുവദിയ്ക്കയില്ലെന്നു ശാഠ്യംപിടിച്ചു് കുത്തനാരെ

നാലാംശതാബ്ദപൂർത്തി.

വിശ്രുത ഇഗ്നേഷ്യസ് പുണ്യവാൻ ഈശോസഭസ്ഥാപിച്ചിട്ടു് കഴിഞ്ഞ ആഗസ്റ്റ് പതിനഞ്ചാംതീയതി നാലുശതാബ്ദം പൂർത്തിയായിരിക്കുന്നു. ഈശോസഭയിൽ ഇന്നു് 3101 അംഗങ്ങളും, വൈദികരും സഹോദരന്മാരും ഉൾപ്പെടെ, അൻപതോളം മിഷൻരംഗങ്ങളിലായി വേലചെയ്യുന്നുണ്ടു്. കഴിഞ്ഞവർഷം ഈ സഭാംഗങ്ങൾമുഖേന 39540 പ്രായംചെന്നവരേയും 117852 കുട്ടികളേയും 192409 ആപന്നമരണരേയും ജ്ഞാനസ്നാനപ്പെടുത്തിയിട്ടുണ്ടു്. ഇവർ നടത്തുന്ന 11659 വിദ്യാലയങ്ങളിൽ 484123 വിദ്യാർത്ഥികൾ അദ്ധ്യയനംനടത്തുന്നുണ്ടു്.

(ഇടവകവികാരി) നിരോധിച്ചപ്പോൾ ബ. ഫെനീച്ചിയോയുടെ ശുപാർശിമൂലം കോഴിക്കോട്ടസാമൂതിരി പാന്തർരാജാവിനെ കഠിനമായി ശകാരിക്കയും ദേവാലയനിർമ്മതി നിറുത്തലാക്കുകയും ചെയ്തു. ഇപ്രകാരംതന്നെ പറവൂരെ തോമ്മാക്രിസ്ത്യാനികളെയും അച്ചന്മാരെയും നായന്മാർ പരിഭവിച്ചപ്പോൾ അതിനു തക്കതായ പരിഹാരംചെയ്യുവാൻ നമ്മുടെ കഥാപുരുഷന്റെ രാജസ്വാധീനം അത്യധികം സഹായിച്ചു. ഫ്രാൻസ്-ൽ പാലു രിലുണ്ടായിരുന്ന തോമ്മാക്രിസ്ത്യാനികളുടെ പഴയപള്ളിപൊളിച്ച് ഒരു അതിമനോഹരദേവാലയം ഏതൽസ്ഥാനത്തു പണികഴിപ്പിച്ചതും ബ ഫെനീച്ചിയോയുടെ നിരന്തരപരിശ്രമഫലംതന്നെയായിരുന്നു. പഴയപള്ളിയുടെ പുരാതനത്വംകൊണ്ടും, അതിന്മേലുള്ള അതിയായ ബഹുമാനംകൊണ്ടും അതു നാശമാക്കുവാൻ തദ്ദേശവാസികൾ വൈമനസ്യം പ്രദർശിപ്പിച്ചതിനാൽ അത്യും പൂർവികപള്ളിയെ ചുറ്റിയാണു നവീനദേവാലയം പണിചെയ്തത്. പിന്നീടതു പ്രാചീനദേവാലയം നിലംതരിശാക്കിയതു്. ഈ നൂതനദേവാലയത്തിന്റെ ബ്രഹ്മാണ്ഡത്വവും, ആകർഷണീയതയും രണ്ടു മലയാള രാജാക്കന്മാരെത്തന്നെ ഉദ്ഘാടനദിനം സ്ഥലത്തു വരുത്തുകയും, അവരുടെ ചെലവിൽ തോമ്മാക്രിസ്ത്യാനികൾക്കു് അതികേമമായി ഒരു സദ്യ നടത്തുകയുംചെയ്തു.

ഇതിനുംപുറമെ തോമ്മാക്രിസ്ത്യാനികളുടെ നന്മയ്ക്കായി താൻ കോഴിക്കോട്ടനിന്നു കൊല്ലംവരെ ദീർഘയാത്രകൾ ചെയ്തു് അവരുടെ ദേവാലയങ്ങളിൽ പ്രസംഗങ്ങൾനടത്തി അവർക്കു ആത്മികവും ശാരീരികവുമായ നിരവധിനന്മകൾ ചെയ്തുവന്നു. അതുകൊണ്ടു തോമ്മാശ്ലീഹായുടെ വീരസന്താനങ്ങളായ നസ്രാണികൾ അന്നത്തേപ്പോലെ ഇന്നും ഈ പ്രേഷിതപ്രവീണനോടു് അധികമായി കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാകുന്നു.

ഈ പ്രേഷിതപുംഗവന്റെ അതീവ ശ്രദ്ധ്യക്കാന്തിമൂലം പൊന്നാനിയിലും, താനൂരിലും ക്രിസ്ത്യാനികൾക്കായി ഏതദ് രാജ്യഭ്രഷ്ടികളുടെ ചെലവിൽ ദേവാലയങ്ങളും ഈശോസഭാവസതികളും യഥാചിതമായി,

ഇങ്ങനെ അൻപതോളം വർഷം ഭീർഘിച്ച തന്റെ സ്തുത്യർഹമായ പ്രേഷിതവൃത്തിക്കു താൻ പൂർണ്ണ വിരാമമിട്ടതു് ഫ്രാങ്ക്ഫർട്ടിൽ കൊച്ചിയിൽവച്ചായിരുന്നു. എഴുപത്തിനാലു വയസ്സു പ്രായമായിരുന്ന ഈ ഈശോസഭാംഗം, കേരളീയമിഷനറി, വിദ്യാവിദുരൻ, പ്രസിദ്ധഗ്രന്ഥകാരൻ, അവസാനംതന്റെ മരണശയ്യയെ പരിഷേവനംചെയ്തിരുന്ന സകലരേയും ആത്മരക്ഷയ്ക്കായി അതിതീവ്രം പരിശ്രമിക്കുവാൻ ശക്തിമത്തായി ഉപദേശിച്ചുകൊണ്ടും പുണ്യാഭ്യാസത്തിലും, ജപതപക്രിയകളിലും സകലർക്കും ഒരു മാതൃകയായി പരിലസിച്ചുകൊണ്ടും അപ്പോസ്തലന്റെ വചനാങ്ങളിൽ നീതിയുടെ കിരീടം എന്നന്നേക്കുമായി കരസ്ഥമാക്കുവാൻ ദൈവകരങ്ങളിൽ തന്റെ അമലസുന്ദരമായ ആത്മാവിനെ സന്തോഷസമന്വിതം സമർപ്പിച്ചു. ഇദ്ദേഹം ഇന്നത്തെ സകല പ്രേഷിതവൃത്തിക്കും ഒരുത്തമ മാതൃകയായിരിക്കട്ടെ.

ശതാബ്ദ്യൂബിലി ആഘോഷം.

തൃശ്ശീപ്പള്ളിയുടെ ശതാബ്ദജ്യൂബിലിയാഘോഷം കഴിഞ്ഞ സെപ്റ്റംബർ രണ്ടാം തീയതി സാഡംബരം കൊണ്ടാടിയിരിക്കുന്നു. തലേദിവസം ദേവാലയസ്ഥാപിതരെ ഉദ്ദേശിച്ചു് റാസയും, ഒപ്പീസും നടത്തി. ജൂബിലിദിവസം രാവിലെ ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ പൊന്തിഫിക്കൾ കുർബാനയും, പത്തുമണിക്കു് റാസയും ഉണ്ടായിരുന്നു. ഫ്രാ മണിക്കു് മാന്യാതിഥികൾക്കു ഒരു വിരുന്നു നൽകപ്പെട്ടു. രണ്ടുമണിക്കു ചങ്ങനാശ്ശേരി മെത്രാനച്ചൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ റവ.ഫാദേഴ്സ് ഈപ്പൻ ആലഞ്ചേരി, പ്ലാസിഡ് സി. ഡി. എന്നിവർ ഓരോ പ്രസംഗങ്ങൾ ചെയ്കയും, വേദോപദേശപ്പരീക്ഷാവിജയികൾക്കു സമ്മാനങ്ങളും, ഒരന്തരകൊല്ലമായി കപ്യാർജോലിചെയ്തുവന്നിട്ടുള്ള കുന്നത്തുകുടുംബത്തിലെ ഇന്നത്തെ കാരണവർക്കു ഒരു സ്വർണ്ണമെഡലും നൽകുകയുംചെയ്തു. നാലുമണിക്കു പള്ളിക്കചുറ്റും ദിവ്യകാരുണ്യപ്രദക്ഷിണംനടത്തി. രാത്രിയിൽ പ്രഹസനാഭിനയം, കഥാകാലക്ഷേപം, ദീപക്കാഴ്ച്ച മുതലായവയും ഉണ്ടായിരുന്നു.

റാഫേലെഴുതിയ ഒരു ചിത്രം.

(റവ എൻ ജെ. ചിറയ്ക്കൽ. പ്രൊപ്പഗാന്ത കോളേജ്, റോമാ.)

പതിനാറാം ശതാബ്ദത്തിന്റെ ആദ്യഘട്ടത്തിൽ റാഫേൽ എഴുതിയ ചിത്രങ്ങളിൽ പലതും വത്തിക്കാനിൽ സൂക്ഷിച്ചുവരുന്നു. ഇതിൽ കീർത്തിയേറിയ ഒന്നാണ് 'വി. കുർബാനയെപ്പറ്റിയുള്ള വാദം'. യഥാർത്ഥത്തിൽ യാതൊരു വാദവുമില്ല. സ്വർഗ്ഗവും ഭൂമിയും യോജിച്ച് ഒരുപോലെ ദൈവത്തെയും വി. കുർബാനയെയും സ്തുതിക്കുന്ന ഒരു കാഴ്ചയാണ്. കലാവൈദഗ്ദ്ധ്യത്താൽ അനശ്വരമുള്ളടിത്തി അനന്തമായിത്തോന്നുന്നു. 'കത്തോലിക്കസഭയുടെ മാഹാത്മ്യ'മെന്നു വേണമെങ്കിൽ ഈ ചിത്രത്തെപ്പറ്റിപറയാം.

പടം രണ്ടായി വിഭജിച്ചിരിക്കുന്നു. ഉപരിഭാഗത്തു് സ്വർഗ്ഗം. താഴെ ഭൂതലം. സ്വർഗ്ഗത്തിന്റെ മദ്ധ്യഭാഗത്തു് പെങ്കുതിർപ്പുവീശി ദൈവദൂതരാൽ പരിസേവിതനായി പിതാവു് പ്രത്യക്ഷനാകുന്നു. ഇടത്തുകൈയിൽ ഭൂഗോളത്തെ വഹിച്ചിരിക്കുന്നു. വലത്തുകാം മെല്ലെ ഉയർത്തി ക്രിസ്തുനാഥനെ അനുഗ്രഹിക്കുന്നു. ദിവ്യരക്ഷകനെ മേഘാവൃതനായാണ് നാം കാണുന്നതു്. അവിടുന്നു് സ്നേഹം തുളുമ്പുന്ന സൗമ്യതയോടെ, മുറിവേറ്റകരങ്ങളുംവിരിക്കുന്നു. അവിടത്തെ വലത്തുവശത്തു് പരിശുദ്ധമറിയം ആരാധനാനിമഗ്നയായിരിക്കുന്നു. ഇടത്തുവശത്തു് തോൽധരിച്ച മൃഗഗാത്രൻ, യോഹന്നാൻമാംദാനാ. പാടത്തുങ്കലാകട്ടെ സുവിശേഷങ്ങളും വഹിച്ചുകൊണ്ടു് നാലു ദൈവദൂതരും അവരുടെ മദ്ധ്യേ മാടപ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവും. പരിശുദ്ധാത്മാവിയിൽനിന്നു് ചിതറുന്ന കതിരുകളും താഴെ അർത്തായിലുള്ള പൂജാപൂപംവരെയും എത്തുന്നു.

രണ്ടുവശത്തുമായി സ്വർഗ്ഗത്തിലേ പ്രധാനവാഴികളെയാണ് നാം കാണുന്നതു്. പഴയനിയമത്തിലേ പിതാക്കന്മാരും പ്രവാചകന്മാരുംഉണ്ടു്. പുതിയനിയമത്തിലേ അപ്പോസ്തലരും വിശുദ്ധരും ഉണ്ടു്. കിഴവൻ പത്രോസ് വലത്തുകൈയിൽ താക്കോലും ഇടത്തുകൈയിൽ ഒരു പുസ്തകവുമായി വിശ്വാസത്തോടെയും തീഷ്ണതയോടെയും ക്രിസ്തുവിനെ നോക്കുന്നു. അബ്രാഹാമാകുന്ന കോമളകളേബരനും ആയ ആദാമിനെ അടുത്തുകാണുന്നവർ ഡാൻറിയുടെവർണ്ണന ഓർമ്മിക്കാതിരിക്കയില്ല. ലളിതസുകുമാരനായ യോഹന്നാൻ തന്റെ സുപരിശുദ്ധ എഴുതിക്കൊണ്ടിരിക്കയാണ്. ദാവീദ് രാജകീയമകുടം ധരിച്ചിട്ടുണ്ടു്. വീണയുംകൈയിലേന്തിയിരിക്കുന്നു. അടുത്തു് വി. സ്റ്റീഫനേയും ജറമിയാദിനേയുംകാണാം. പത്രോസിനെതിരായി മറേഅറ്റത്തു് ദുഷ്ടശത്രുനായ പൗലോസ് കൈയിൽ വാളുമായിനി

ല്ലുന്നു. അടുത്തു് അബ്രാഹം ഇസഹാക്കിനെ ബലികഴിക്കാൻ കത്തി ഓങ്ങുന്നു. മത്തായി ഇടത്തുകൈയ് ഒരു പുസ്തകത്തിൽ വച്ചിരിക്കയാണു്. മക്കബായക്കാരൻ യൂദാ ഒരു പൂണ്ണ യോദ്ധാവായാണു് പ്രത്യക്ഷപ്പെടുന്നതു്.

ഭ്രമവൃത്തത്തിൻ മദ്ധ്യഭാഗത്തായി ഒരു അംത്താരമേൽ വിശുദ്ധകുർബാന സ്ഥാപിച്ചിരിക്കുന്നു. അടുത്തു് വിശുദ്ധ ഫ്രിഗോറിയോസ് പാപ്പാ 'തിയാറാ' എന്ന മുടിധരിച്ചു് സിംഹാസനസ്ഥനായിരിക്കുന്നു. അദ്ദേഹത്തിന്റെ നേത്രങ്ങൾ പരിശുദ്ധാത്മപ്രാപ്തിയുടെനേർക്കയത്തിയിരിക്കയാണു്. വി. ജറോം അടുത്തിരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ പാദത്തുങ്കൽ ഒരു സിംഹം കിടക്കുന്നു. തർജ്ജമചെയ്ത വി. പുസ്തകവും ലേഖനങ്ങളും സമീപത്തുണ്ടു്. വായനയിൽ വ്യാപൃതനായിരിക്കയാണു്. ഒരു മെത്രാൻ (അന്ത്യോഖ്യായിലെ ഇഗ്നേഷ്യസ്) 'അരുളിക്കാ'യിലേയ്ക്കു് കൈചൂണ്ടിക്കൊണ്ടുനില്ക്കുന്നു. ഇവരുടെപിറകിലായി മൂന്നു യുവാക്കന്മാർ ആരാധനനടത്തുന്നതായിക്കാണാം. അതിനുംപിന്നിൽ രണ്ടുമെത്രാന്മാരും നാലുസന്ന്യാസികളും (ഒരു ബനഡിക്തൻ, ഒരു പ്രാൻസിസ്കൻ, ഒരു ദോമിനിക്കൻ, ഒരു വനവാസി) എന്തോ സംസാരിക്കയാണു്. വി. കുർബാനയുടെ കീർത്തനങ്ങൾരചിച്ച തോമസ് അകീനാസും, അടുത്തു് വി. അംബ്രോസിയുംഉണ്ടു്. വി. അഗസ്തീനോസു് ഒരു പ്രധാനസ്ഥാനത്തിരിക്കുന്നു. അദ്ദേഹത്തിന്റെ സമീപെ 'ദൈവത്തിന്റെ നഗരം' എന്ന കൃതി കിടപ്പുണ്ടു്.

സുനാമിലേ അത്ഭുതം.

(പയ്യനാട്ട് പെ. ബ. യൗസേപ്പ് കത്തനാർ)

സുനാമിൽസുശീലയായ ഒരു തരുണിവസിച്ചിരുന്നു. അവൾഐശ്വര്യവതിയായിരുന്നെങ്കിലും അതോടൊപ്പം സൗന്ദര്യവും സാമർത്ഥ്യവുമവൾക്കുണ്ടായിരുന്നു. പരിഷ്കൃതസമുദായങ്ങളിൽ അനർഘങ്ങളായി ഇഷ്ടാനിഷ്ടനകാലങ്ങളിൽ കരുതപ്പെട്ടുവരുന്ന സുന്ദരങ്ങളായ ആഭരണങ്ങളിൽ പ്രഥമസ്ഥാനത്തെ വഹിക്കുന്ന ഔദാര്യശീലത്തെ അവൾ താരുണ്യാൽപ്രഭൃതി അനുഷ്ഠാനം ചെയ്തുവന്നിരുന്നു. പരിപാവനവും പരിഷ്കൃതവുമായ ഒരു ഹൃദയം അവൾക്കു വിധിതമായിരുന്നു. അവൾ ഉദ്ഗ്രഥയും ഭർതൃസമേതയുമായിരുന്നു. സർവത്രാ അനുഗൃഹീതയായിരുന്നെങ്കിലും ആ മനോഹരാംഗിയുടെ മൃദുലഹൃദയാന്തർഭാഗത്തിൽ അവാച്യമായ ഏതോ ഒരു ചിന്താഭാരം കടന്നുകൂടിയിരുന്നതിനാൽ ദീർഘനിശ്വാസങ്ങൾ പല ഉരു

അവളിൽനിന്നും പുറപ്പെട്ടിരുന്ന. അഗതികളെ സല്ക്കരിക്കുന്നതിൽ നിർമ്മലമായ പ്രസന്നത കളിയാടുന്ന മുഖഭാവത്തെയും, കൌതുകകരമായ വിനയപുഷ്ടിയേയും ആ തരുണീതല്ലജം സദാപ്രദർശിപ്പിച്ചിരുന്നു. ആ മുഗ്ധാക്ഷിയുടെ ഔദാര്യം ദിഗന്തവിശ്രാന്തകീർത്തിപ്രചുരിമമായിരുന്നതിനാൽ ദിഗ്വിക്ഷുക്കളായിട്ടും ലാഭേച്ഛുക്കളായിട്ടും ആതുരനിവാരണേച്ഛുക്കളായിട്ടും ഒട്ടുവളരെ ജനങ്ങൾ അവളെ വലയം ചെയ്തിരുന്നു. ലോകഗതിയും അങ്ങനെതന്നെയാണല്ലോ. ദയാലുക്കളുടെ പക്കൽ ഔദാര്യപരീക്ഷ നടത്തുന്നതിനു പലരും പ്രചോദിപ്പിക്കപ്പെടുമെന്നുള്ള നിർവിവാദമാണല്ലോ. പാർശ്വവർത്തികളും സ്വദേശിവൈദേശികന്മാരും ഭക്തന്മാരും അവളുടെ ഔദാര്യപ്രവൃത്തികളിൽ ദൈനംദിനം ഭാഗഭാക്കുകളായിരുന്നു. എലിസേവൂസ് ദിർഘദർശി ഭൃത്യസമേതനായി പ്രയാണം ചെയ്യുമ്പോൾ, അസകൽ, സൂനാമിൽക്കൂടി കടന്നുപോക പതിവായിരുന്നു. ഒരിക്കൽ ദാസാനുഗതനായി ദീർഘപ്രയാണം കഴിച്ചു്, താന്തവിഗ്രഹനായി, ക്ഷുൽപിപാസാഗ്രസ്തനായി, അതിലേക്കൂടി കടന്നുപോകയിൽ ദാസേയാഭിലാഷപ്രേരിതനായ നിവ്യാ വിശ്രമാർത്ഥം ആ തനുഭംഗിയുടെ ഭവനത്തിൽ ആഗതനായി.

ഗൃഹാഗതനായ നിവ്യായെ അവലോകനം ചെയ്തമാത്രയിൽ പ്രണയഭാസ്വരമായ മന്ദഹാസസമന്വിതം, അവൾ പ്രശ്രയപൂർവ്വം അഞ്ജലിബന്ധംചെയ്തു് കൃതപ്രണാമയായി ഏവംവിധം ഉദീരണംചെയ്തു. "ദമീയസാ യപദവിയെ അതിലംഘിച്ചു് ഇവിടെ വസിരിക്കുന്ന അങ്ങേക്കു വിശ്രമത്തിന്റെ ആവശ്യകതയുണ്ടായിരിക്കുന്നതു സഹജമാണല്ലോ. ഗൃഹാഭ്യന്തരത്തേയ്ക്കു പോകാം" എന്നുപറഞ്ഞു് അവൾതന്റെ അതിഥിയാൽ അനുഗതയായിട്ടു് അവിടെ പ്രവേശിച്ചു. ഉടൻ ഭോജ്യങ്ങളുടെ ഏതാനും പാത്രങ്ങൾ കൊണ്ടുവന്നു നിവ്യായുടെ മുമ്പിൽ വെച്ചു. പ്രശ്രയാവനതയായ സ്ത്രീയുടെ യാചനമൂലം അദ്ദേഹം സ്വല്പം ഭക്ഷണംകഴിച്ചു.

അനന്തരം തനിക്കായിട്ടു് സജ്ജീകൃതമായ മഞ്ചത്തിൽ തന്റെ ശ്രാന്തങ്ങളായ അവയങ്ങളെ ശയിപ്പിച്ചു്, അല്പവിശ്രാന്തിയുടെ ശേഷം യാത്ര തുടരുകയും ചെയ്തു. ആ വിശാലമനസ്കന്റെ സ്വകരുണവന്റെ നികടവർത്തിയായി, അഭിവന്ദനാനന്തരം സാവേഗം വചിച്ചു:—

"ഈ വന്ദ്യ ചഥികനെപ്പോലെ ഇത്ര സദ്ഗുണസമ്പന്നനും കാരുണ്യശാലിയുമായ ഒരാളെ ദർശിക്കുന്നതിനു ഭാഗ്യധേയമുണ്ടായതിൽ ഞാനതീവ സന്തുഷ്ടയായിരിക്കുന്നു. അദ്ദേഹത്തിന്റെ വദനം കണ്ണങ്കുരുക്കു പീയൂഷവും, പ്രശാന്തസുന്ദരമായ അദ്ദേഹത്തിന്റെ വദനാംബുജാലോകനം പ്രേക്ഷകന്മാരുടെ മാലിന്യങ്ങളെ നിശ്ശേഷം ക്ഷാളനം ചെയ്യുന്നതിനു പര്യാ

പ്പവും, അദ്ദേഹത്തിന്റെ പരിപാവനസന്നിധാനം ദുഃഖ ഖഡ്ഗത്താൽ ഭാരിതമായ ഏതുയത്തെപ്പോലും സന്തോഷസാഗരത്തിൽ ആറാടിക്കുന്നതുമാകുന്നു. അനന്യസാധാരണമായ ഈശ്വരശക്തി അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നു. സംശയലേശമെന്യേ ഇദ്ദേഹം ദൈവത്തിന്റെ പരിശുദ്ധനാകുന്നു. ഈ വന്ദ്യനായ വൃദ്ധനെ പുനശ്ച കണ്ടുപിൽക്കാമായി അത്ര ആഗതനാകുന്നപക്ഷം, അന്യരെപ്പോലെ നമ്മാൽ അദ്ദേഹത്തെ കരുതുന്നതു ക്ഷന്തവ്യമല്ലെന്നാണെന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ വിശ്രമസൗകര്യാർത്ഥികൾക്കനുയോജ്യമായവിധം ഒരു ചെറിയ മുറിയെ ശരിപ്പെടുത്തുകയും അതിൽ ഒരു കിടക്കയും ഒരു മേശയും ഒരു സ്റ്റൂളും ഇടുകയും ഒരു വിളക്കു വയ്ക്കുകയുചെയ്യണം". ഈ വനിതാരത്നത്തിന്റെ നൂതേഷ്ടിതങ്ങളെപ്പറ്റി വിചിന്തനം ചെയ്യുന്നതു് എത്രയോ സന്തോഷപ്രദം. സർവ്വം പരിത്യജിച്ചു ദൈവത്തെ മാത്രം ശരണീകരിച്ചു് ഐഹികജീവിതം നയിക്കുന്നവർക്കു് ആവശ്യാനുസരണം വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നതു തങ്ങളുടെ പ്രത്യേകാവകാശമായി കരുതി പ്രവർത്തിക്കുന്ന ഇക്കാണ്മാന്തനന്മാരുടെ ഇടയിൽ നാം കണ്ടുവരുന്ന ആ സദ്ഗുണം, ഇങ്ങനെയുള്ള സദ്ഗുണസമ്പന്നകളുടെ പ്രവൃത്തികളുടെ പ്രതിഫലമായല്ലാതെ മറെന്താണു്? തപ്തസുവർണ്ണവർണ്ണങ്ങളായ സപ്തസപ്തികിരണങ്ങളേറ്റു ദൈർഘ്യമായ പ്രയാണം കഴിച്ചു വരുന്ന ആ നിവ്യായ്ക്കു് ദിനം യാതപ്രായമാകയും രാത്രി സന്നിഹിതമാകയും ചെയ്യുമ്പോൾ, എവിടെയെങ്കിലും വിശ്രമിക്കണമെന്നാഭിലാഷം മനസ്സിൽ ഉദയംചെയ്യുന്നതു സഹജമാണല്ലോ!. അങ്ങനെയുള്ള ഘട്ടങ്ങളിൽ ആ ചെറിയമുറിയും പട്ടോപധാനസമന്വിതമായ ആ കിടക്കയും എത്ര ആനന്ദപ്രദമായിരിക്കും?. ക്ഷുത്താതുരനായ അദ്ദേഹത്തിനു് ആ സ്ത്രീയുടെ ഭോജ്യപേയാദികൾ എത്ര മാധുര്യങ്ങളായിരിക്കും?

ഇപ്രകാരം ആ നിവ്യായെ യഥായോഗ്യം ബഹുമാനിക്കണമെന്നും സൽക്കരിക്കണമെന്നും ഉള്ള അഭിലാഷം ആ സ്ത്രീയിൽ ജനിപ്പിച്ചതെന്തായിരിക്കണം? സാധാരണ ലോകഗതിയെപ്പറ്റി പര്യാലോചിക്കുമ്പോൾ, ഏതോ ഒരു ലാക്കു് അവലംബിക്കുണ്ടായിരുന്നുവെന്നല്ലാതെ ചിന്താശീലന്മാർ വിചാരിക്കയില്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. ഒരാളെക്കൊണ്ടു് ഒരുകാര്യംസാധിക്കണമെന്നു് ആലോചിക്കുന്നവർ ആ ആളിനെ യഥായോഗ്യം മാനിക്കുകയും സൽക്കരിക്കുകയും ചെയ്യുന്നതു സഹജമാണു്. അതുകൊണ്ടു് ആ സ്ത്രീക്കും ഏതോ ഒരു കാര്യപ്രാപ്തി അവളുടെ അന്തരംഗത്തിലുണ്ടായിരുന്നിരിക്കണം. എന്താണെന്നു് അനന്തരകൃത്യങ്ങളിൽനിന്നും വിശദമാകുമെന്നതന്നെ നമുക്കിപ്പോൾ വിചാരിക്കാം.

തത്പരം ദിനങ്ങളും പലതും കഴിഞ്ഞു. മാസങ്ങളും പലതു യാത

പ്രായങ്ങളായി. നിവ്യാ അവിടെ വന്നില്ല സൂനാംകാരത്തി ദിവസേന നിവ്യായുടെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നിരുന്നു.

നിവ്യാവലോകനേത്രയോട്ടുകൂടി അവൾ, അദ്ദേഹംകടന്നുപോകാറുള്ള ഭോഗങ്ങളിലേയ്ക്ക് പലപ്പോഴും വീക്ഷണം ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹം ഒരുപക്ഷേ അവളെ വിസ്മരിച്ചുപോയതായിരിക്കാമെന്നു തന്നെ തീരുമാനിച്ചു.

അവൾ അസ്വസ്ഥചിത്തയായി സശോകയായി ദിനരാത്രികളെ കഴിച്ചുകൂട്ടിക്കൊണ്ടിരുന്നു.

ഏതായാലും ആ സ്ത്രീ അവളുടെ വീട്ടിലിരുന്ന് നിവ്യായെ പ്രതീക്ഷിച്ചുകൊള്ളട്ടെ. അവളെ അവിടെ വിട്ടുംവച്ച് നമുക്ക നിവ്യാ എവിടെയാണെന്ന് ഒരു ഗവേഷണം നടത്തുകതന്നെ. ആ സൂനാംകാരത്തി പരോപകാരതല്പരയാണെന്നുള്ള വസ്തുത വിസ്മരിക്കത്തക്കതല്ലതന്നെ.

നിവ്യാ അധിവാസം ചെയ്യുന്നതു കമ്മലമലയിലാണല്ലോ. തത്ര ഒരു സ്പൃഹണീയമായി നിമ്മലയായുള്ള പ്രഭാതം. ലോകബന്ധു നല്ല വണ്ണം പ്രകാശമാനനായി കാണപ്പെട്ടു. അതപംസുതരാം ഊഷ്മളമായിരുന്നു. മഹീരുഹങ്ങൾ പലവർണ്ണങ്ങളിലുള്ള നീഡോദ്ഭേദങ്ങളുടെ മധുരധ്വരങ്ങളാൽ മുഖരീകൃതങ്ങളും ശാഖോപശാഖകളിൽനിന്നും ശാഖോപശാഖകളിലേയ്ക്കു പ്ലവനം ചെയ്യുന്ന ബഹുമൃഗന്മാരാൽ ശോഭിതങ്ങളുമായിരുന്നു. ചരാചരങ്ങളെല്ലാം ഉദ്ബുദ്ധങ്ങളും ആനന്ദപ്രദങ്ങളുമായി കാണപ്പെട്ടു. അപ്പോൾ ഗളിതാംഗനായി, ചലിതമുണ്ഡനായി, വക്ഷസ്ഥലലംബമാനമായ ശ്മശ്രുവോട്ടുകൂടിയവനായി, ദണ്ഡഹസ്തനായി, ഒരു ജ്യായാൻ, സന്തോഷമഗ്നനായി, സപത്നീസമേതനായി, ഒരു ദൈർഘ്യമായ പ്രയാണം ചെയ്യുന്നതിനു തുടങ്ങി.

പക്ഷേ നിർദ്ദിഷ്ടസ്ഥലത്തിൽ ചെന്നുചേരുന്നതിനു മുമ്പായി പരമബന്ധു പശ്ചിമദിഗ്മുഖത്തെ ചുമപ്പിച്ചുചുമപ്പിച്ച് അരുണവർണ്ണമാക്കി തന്റെ ആ ദിവസത്തെ ജോലിയെ സ്പൃഹണീയമാകുംവണ്ണം നിർവഹിച്ചുശേഷം പൃഥുലധ്വാന്തഭീകരമായ നിശീഥിനീശിരസ്സ് സൃഷ്ടിജാലങ്ങളെ വീക്ഷണം ചെയ്യുന്നതിനനുമതി നൽകി; തത്പരമുള്ള ഭൂമക്രവാളസ്ഥിതിഗതികളെ കാണ്മാൻ കഴികയില്ലെന്നുള്ള ഭാവത്തിൽ പശ്ചിമാംബുധിയിൽ ചാടിമറഞ്ഞുകളഞ്ഞു. അന്ധകാരം ആകാശത്തെ സാന്ദ്രമായി ആവരണംചെയ്തു. നീലഛായങ്ങളായ വാർഷുകമേഘങ്ങൾ ആകാശത്തിൽ സഹസാ ആവിർഭവിച്ചു. ഭേകക്രവാളത്തിന്റെ ഉത്സംഗത്തിൽ വിശ്രമിച്ചിരുന്ന ദാക്ഷിണാത്യനായ ഗന്ധവാഹൻ പ്രചണ്ഡനായി ചുറ്റി അടിച്ച് തന്റെ സംഹാരഗാനത്തെ ചരാചരങ്ങളെ കേൾപ്പിച്ചുതു

ടങ്ങി. വാരിടങ്ങളും കരാളകാളങ്ങളായി പരിണമിച്ചു വിപുലഗിരിതടങ്ങളിൽ തടഞ്ഞു ഘനീഭവിച്ചു. ഔദാമിനീശലാകകളും ആകാശമേലാപ്പിൽ പ്രത്യക്ഷപ്പെട്ടു് ആനന്ദഗഗനംതകർക്കുന്ന സ്തനിതങ്ങളെ ക്ഷണിച്ചു. സ്തനിതം ചടചടായമാനമായി ഘോരാരവങ്ങളെ പുറപ്പെടുവിച്ചു. ഇവയെല്ലാം വീക്ഷണം ചെയ്തുകൊണ്ടിരുന്ന ഘോരമാരി ശുണ്ഡാദണ്ഡത്തിൽ നിന്നുള്ളവ മധുസദൃശം ഭൂതലത്തിൽ നിപതിച്ചു. ഇത്തരുണത്തിൽ ഭീതിവീചികളും നമ്മുടെ വയോവൃദ്ധനും ദണ്ഡഗ്രസ്തനുമായ നിവ്യായുടെ ഹൃദയത്തിൽ കരത്തിരുണ്ടുപൊങ്ങി. വർഷകാലങ്ങളിലേ കനത്തുതടിച്ച വാരിവാഗങ്ങളുടെ അവിരളമായ പരിലാളനങ്ങളാൽ ഉത്തരോത്തരം വർദ്ധമാനമായി അലറി അലച്ചുപായുന്ന കല്യ, വിശ്രമം കാംക്ഷിക്കാതെ പിറകോട്ടു നോക്കാതെ മുമ്പോട്ടു് ത്വരിതഗമനം ചെയ്തു് നദിയിൽ അതിന്റെ സമാഗമസ്ഥലത്തു് അഭയം പ്രാപിക്കുന്നതുപോലെ, പ്രചണ്ഡമാരുതൻ, ഇടിനാദപ്രഭൃതികളാൽ നിവ്യായുടെ ഭീതി വർദ്ധമാനമായി പരിണമിക്കയാൽ നമ്മുടെ അദ്ധ്വനീനൻ മുമ്പോട്ടുതന്നെ ത്വരിതഗമനംചെയ്തു് അഭയസ്ഥാനമായ സുനാംകാരത്തിയുടെ ഉദവസിതപ്രവേശിതനായി. അഭയാർത്ഥിയെ യഥായോഗ്യം സ്വീകരിച്ചു് ആചാരോപചാരാനന്തരം പ്രത്യേകാൽ സജ്ജീകൃതമാക്കിയിട്ടുള്ള മുറിയിലേയ്ക്കാനയിക്കയും ആവശ്യാനുസരണം ഭക്ഷണങ്ങളും നൽകി തൃപ്തനാക്കുകയും സുനാംകാരത്തി സ്വയം കൃതാർത്ഥയായിത്തീരുകയുംചെയ്തു. പുനശ്ച നിവ്യാ ഭൃത്യസമേതം അവിടെ സുഖശയ്യയെ അവലംബിക്കുകയും സുഖസുഷുപ്തി അവർ സാമോദം സ്വീകരിച്ചാശ്ലേഷിക്കയുംചെയ്തു. പ്രഭാതത്തിൽ ഗാഢനിദ്രാധിമുക്തനായ നിവ്യാ ഭൃത്യനോടു വചിച്ചു:

ധാമനായിക നമ്മോടു പ്രദർശിപ്പിച്ചിരിക്കുന്ന സ്നേഹബഹുമാനാദരവുകൾക്കു നമ്മാൽ അവളോടുകൃതജ്ഞതാപ്രകടനം പ്രദർശിപ്പിക്കാതെ പോകുന്നതു യുക്തമല്ല. അവളെ ആഹ്വാനം ചെയ്ക. ഞാനെന്താണവൾക്കുചെയ്യേണ്ടതെന്നവളോടു ചോദിക്ക.

നിവ്യായുടെ ആജ്ഞാനുസാരേണ ഗീയേസി പ്രവർത്തിച്ചു. സുകുമാരകളേബരയായ സുനാംകാരത്തി കടാക്ഷാനുഗ്രഹപ്രതീക്ഷിണിയായി നിവ്യായുടെ മുമ്പിൽവന്നു നമ്രശിരസ്കയായി അഭിവന്ദനാനന്തരം ക്ഷിതിതലനിക്ഷിപ്തചക്ഷുസ്സായി സല്ലുരെമാറി സ്ഥിതയായി. ഗീയേസിപറഞ്ഞു:- സ്ത്രീയോടു് പോദിക്കേണ്ട ആവശ്യമില്ല. സ്ത്രീ സന്താനവിഹീനയാകുന്നു. തദർത്ഥം അവളുടെ ശോകം വാചാമഗോചരമത്രെ. അവളെ മാതാവേ എന്നു് വിളിക്കുന്ന സ്വരമാധുരി ആകർണ്ണനം ചെയ്യുന്നതിനവരം അഭിലഷിക്കുന്നു. തനിക്കു്, ഗാഢാലിംഗനം ചെയ്യുന്നതിനു തനയരില്ലാത്ത ദുഃഖം അപ്രതിഹതമായി അവളുടെ അന്തരംഗത്തിൽ സദാ ഉ

ത്തം ചെയ്യുന്നു. അവളുടെ കണവൻ വർഷീയാനുമത്രെ. അപ്പോൾ നിവ്യാവചിച്ചു: "ഈ സമയത്തു ഈ മണിക്കൂറിൽ, നിനക്കു ജീവനുണ്ടെങ്കിൽ നിന്റെ ഉദരത്തിൽ ഒരു സുതൻജാതനാകും".

അവൾ പ്രത്യുത്തരമായി വചിച്ചു. "ദൈവമനുഷ്യനായ എന്റെ യജമാനനെ, അടിയന്റെ അടിയാട്ടിയോട്ട അങ്ങു് കൃപടോക്കി ഉദീരണം ചെയ്യരുതേ"

കിന്തു: നിവ്യാ അന്യഥാ വചിച്ചില്ല. യഥാകാമം സംഭവ്യമായി. ശിശുവിനെ കണ്ടാനന്ദിക്കുന്നതിനുള്ള ഭാഗധേയം അവൾക്കു സിദ്ധമായി. ഡിംഭൻ ജനനിയുടെ അഭിമാനമായിട്ടും പിതാവിന്റെ സന്തോഷമായിട്ടും യഥാക്രമം വളർന്നു. ഒരു ദിവസം കൂട്ടി പറഞ്ഞു: ഞാൻ വയലിൽ ആഗതനായി പിതാവിനെ സന്ദർശനം ചെയ്യട്ടെ. സ്വമാതാവനുജ്ഞ നല്കി. അവൻ വയലിൽ പിതൃസന്ദർശനം ചെയ്തു. പുനശ്ചകൂട്ടിപറഞ്ഞു: അപ്പച്ചാ! എനിക്കു് അസഹനീയമായ തലവേദന ആവിർഭവിച്ചിരിക്കുന്നു. ഒരു കിങ്കരൻ അവനെ സ്വഗൃഹത്തിലേയ്ക്കു വഹിച്ചാനയിച്ചു. മദ്ധ്യാഹ്നം വരെ സ്വമാതാവിന്റെ ഉത്സംഗസ്ഥിതനായിരുന്നശേഷം അവൻ ദിവംഗതനായി. സൂനാംകാരത്തിയുടെ ഹൃദയത്തിൽ ഒരു നിശിതതമമായ ഖഡ്ഗം പതിതമായി. അവൾക്കു തന്റെ തനയനോടുണ്ടായിരുന്ന പ്രേമത്തിന്റെ ആഴമോ പരപ്പോ ശരിയായി മനസ്സിലാക്കാൻ പ്രയാസംതന്നെ. അശയാകുന്ന പങ്കജത്തുവിൽ കെട്ടി ഉയരത്തിൽ പറപ്പിച്ച ആ ആനന്ദസംഭായകമായിരുന്ന പട്ടം, മൃത്യുവാകുന്ന പ്രചണ്ഡമാരുതനാൽ ഛിന്നഭിന്നമാക്കപ്പെട്ടു. മനോവ്യാപാരത്തിൽ ഉയർത്തിപ്പുണ്ണി തീർത്ത മണിമാളിക നിലംപതിച്ചു തകർന്നുപോയി. അവളുടെ ഹൃദയശോകാന്ധകാരത്തെ പാടെ വിപാടനംചെയ്ത് സുന്ദരപ്രഭവീശിയിരുന്ന ബാലാർക്കൻ പെട്ടെന്നു് അസ്തംഗതനായി. അവളുടെ ആത്മാവിനെ ദഹിപ്പിക്കുന്ന മനോവ്യഥാരൂപശിഖകൾ തപ്തബാഷ്പകണങ്ങളായി നേത്രദ്വയദ്വാരമാർഗ്ഗേണ ബഹിർഗമിച്ചു.

കിന്തു? സൂനാംകാരത്തി ഉദാസീനമായ ശോകാവേശത്തിനു നിശ്ശേഷം അവളെ പരിത്യജിച്ചില്ല. തദ്ദിയാമനശാബകനെ നിവ്യായിക്കായിട്ടവം സജ്ജീകൃതമാക്കിയിരുന്ന മുറിയിലേ കിടക്കയിൽ കിടത്തി. സ്വഭർത്താവിന്റെ സാമീപ്യപ്രാപ്യയായി പറഞ്ഞു: ഞാൻ നിവ്യായുടെ സന്നിധാനത്തിങ്കലേയ്ക്കു ത്വരിതതരേണ ഗമിക്കുന്നു. ഒരു കിങ്കരനും ഒരു കഴുതയും എനിക്കാവശ്യമുണ്ട്. സ്വകണവൻ അവളുടെ ആഗ്രഹനിവൃത്തിവരുത്തി. അവൾ ഗർഭഭാരാഹിതയായി ഭൃത്യനെക്കൊണ്ടതിനെ നയിപ്പിച്ചു കർമ്മേലമലയിൽ നിവ്യായുടെ സാമീപ്യം പ്രാപിച്ചു.

ആഗമനംചെയ്യുന്ന സൂനാംകാരത്തിയെ ദൂരദർശനംചെയ്ത നി

വ്യാ ഗിയേസിയോട്ട് ആജ്ഞാപിച്ചു.

സുനാംകാരത്തി വരുന്നുണ്ടു്. അവളുടെ ഭർത്താവിനും കുട്ടിക്കും എങ്ങനെയിരിക്കുന്നുവെന്നു പൂരപ്പെയ്ക. ആജ്ഞാനുസാരേണ വൃദ്ധിച്ച കിങ്കരനോട്ട സുനാംകാരത്തി നല്ലവണ്ണംതന്നെ എന്നു പ്രത്യുത്തരാനന്തരം അവൾ നിവ്യായുടെ പാർശ്വപ്രാപ്തയായി അദ്ദേഹത്തിന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ചു. അവളെ അവിടെനിന്നു നിവർത്തിപ്പിക്കുന്നതിനു ഗിയേസി ചെയ്ത ശ്രമം അവളുടെ ആത്മാവു ശോകനിമഗ്നയാകുന്നു എന്നു പറഞ്ഞ നിവ്യായുടെ വചനം വിഫലമാക്കിത്തീർത്തു.

നിവ്യാ പറഞ്ഞു: കർത്താവു് എന്നിൽനിന്നതു ഗോപനം ചെയ്തു. എന്നോട്ട പറഞ്ഞില്ല. തൽക്ഷണം "എന്റെ യജമാനനോട്ട നൊന്നും കൂട്ടിയെ ഉപാദിച്ചില്ലേ, എന്നെ ചതിക്കരുതെന്നു ഭാവനോട്ട് ഞാൻ അപേക്ഷിച്ചില്ലേ" എന്നു സന്ദേശാകയായ ആ സ്ത്രീയിൽനിന്നൊരു ദുഃഖിതമായ പ്രലാപനംപുറപ്പെട്ട

ഗിയേസിയോട്ട നിവ്യാ ആജ്ഞാപിച്ചു: ത്വരിതഗതിയിൽ നീ പുറപ്പെട്ടുക. എന്റെ ദണ്ഡിനെ നിന്റെകയ്യിൽ വഹിച്ചുകൊള്ളുക. മാർഗ്ഗത്തിൽ വിളംബനംവേണ്ട. ആരോട്ടും സംസാരിക്കയുമരുതു്. നിന്നോട്ട സംസാരിക്കുന്നവരോട്ട ഉത്തരം പറകയും ചെയ്യരുതു്. സ്ത്രീയുടെ ഭവനത്തിൽ പ്രവേശിച്ചു്, ദണ്ഡിനെ കുട്ടിയുടെ മുഖത്തിൽ തൊടിയിക്ക. താനീം സ്ത്രീ വചിച്ചു. ഭവാനെ ഞാൻ വിട്ടയക്കയില്ല. എല്ലാവരും സ്ത്രീയുടെ ഭവനത്തിലേയ്ക്കുതന്നെ ഗമനംചെയ്തു. ഗിയേസി പ്രഥമനായി ഗൃഹാഗതനായി. ബാലന്റെ മുഖത്തിൽ വടിതൊടീച്ചു. സ്വരമാകട്ടെ, അനക്കമാകട്ടെ ഉണ്ടായില്ല. വിവരം ഗിയേസി നിവ്യാനെ നിവേദിപ്പിച്ചു. സത്വരം നിവ്യാ പ്രവേശിച്ചു മുറിയുടെ കവാടങ്ങളും ഭദ്രമായി അടച്ചു് അയാചം പ്രാർത്ഥിച്ചു. കുട്ടിയുടെ മേൽ കിടന്നു. കുട്ടിയുടെ ആനത്തിന്മേൽ സ്വാനനവും, ചെവികളിന്മേൽ സ്വചെവികളും, നേത്രങ്ങളിന്മേൽ സ്വനേത്രങ്ങളും സ്ഥാപിതമാക്കി. ബാലനു സ്വല്പമൂഷ്മാവുണ്ടായി. അനന്തരം ഉത്ഥാനം ചെയ്തു. പുനശ്ച കുട്ടിയുടെ മേൽ ശയിച്ചു. കുട്ടി ഏഴുപ്രാവശ്യം വിജൃംഭണംചെയ്തു. നയനങ്ങളുന്മീലിതങ്ങളായി ഭവിച്ചു. അപ്പോൾ സുനാംകാരിയെ വിളിച്ചു കുട്ടിയെ ഏല്പിച്ചു് അവളുടെ ഹൃദയകദനം ശമിച്ചു. സുസ്മേരവദനയായി അവൾ ദൈവത്തെ സ്തുതിക്കയും നിവ്യായ്ക്കു് കൃതജ്ഞതാസ്തോത്രങ്ങൾ ചെയ്കയും ചെയ്തു.

ഇപ്രകാരം നിവ്യായോട്ട അവൾ പ്രദർശിപ്പിച്ച ബഹുമാനാദരവുകളുടെ ലാക്കു് വിശദമായിത്തീർന്നു.

ഇപ്പോസ്തോല സന്ദേശം.

I. ട്രൻസ്-ഒക്ടോബർ മാസത്തെ പൊതുനിയോഗം.

നമ്മുടെ മാതാവായ തിരുസ്സഭയുടെ ശത്രുക്കൾ നിത്യരക്ഷാർത്ഥം വിനീതരാക്കപ്പെടുന്നതിനു്.

ക്രിസ്ത്യാനികളുടെ ഒരു വിശേഷലക്ഷണം അയൽക്കാരനോടുള്ള പ്രേമമാണെന്നുള്ളതു സുവിദിതമാണല്ലോ. 'അയൽക്കാർ' എന്ന പദത്തിൽ ആരെല്ലാം ഉൾപ്പെടുന്നു എന്നു ക്രിസ്തു ഗ്രഹിക്കേണ്ടിയിരിക്കുന്നു. 'നിത്യഭാഗ്യം അനുഭവിക്കുന്നവരോ അനുഭവിക്കുവാൻ പാടുള്ളവരോ എല്ലാം' ഇപ്പദത്തിന്റെ വ്യാപ്തിയിൽപ്പെടുന്നുവെന്നാണു് സന്മാർഗ്ഗശാസ്ത്രത്തിൽക്കാണുന്നതു്. ഈ നിർവചനാനുസരണം ദൈവദൂതന്മാരും, സ്വർഗ്ഗത്തിൽ നിത്യഭാഗ്യമനുഭവിക്കുന്നവരും, ശുദ്ധീകരസ്ഥലത്തെ ആത്മാക്കളും, നീതിമാന്മാരും പാപികളുമായ സകല ഭൂവാസികളും അയൽക്കാരാകുന്നു. നരകവാസികൾ നിത്യമായി ശിക്ഷിക്കപ്പെട്ടുപോയതിനാൽ അവർമാത്രം നമ്മുടെ അയൽക്കാരല്ല. ആകയാൽ അയൽക്കാരെ സ്നേഹിക്കണം എന്ന കല്പനയിൽ ശത്രുസ്നേഹത്തെ പരാമർശിച്ചിട്ടുള്ളതും അടങ്ങിയിരിക്കുന്നു. എങ്കിലും മനുഷ്യപ്രകൃതിക്കു് എത്രയും ദുസ്സഹമായ ശത്രുസ്നേഹത്തെക്കുറിച്ചു് നമ്മുടെ ദിവ്യരക്ഷകൻ പ്രത്യേകം ഉന്നിപ്പറയുന്നുണ്ടു്. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുകയും നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മചെയ്യുകയും നിങ്ങളെ മർദ്ദിക്കുകയും അപമാനിക്കുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്വിൻ" (മത്താ. 5 44). നമ്മുടെ ശത്രുക്കൾ രക്ഷാകരമായവിധം വിനീതരാക്കപ്പെടുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാനാണു് ഈ മാസത്തിൽ നമ്മോടു പിതാവു് ആവശ്യപ്പെടുന്നതു്.

ആദ്യമായി ഈ ശത്രുക്കൾ ആരാണെന്നു് അറിയേണ്ടിയിരിക്കുന്നു. മിഥ്യാമാർഗ്ഗക്കാർ, നിരീശ്വരതാപ്രചാരകന്മാർ മുതലായവർ സഭയുടെ ബാഹ്യശത്രുക്കളും അതിനെനിന്മൂലനം ചെയ്യുന്നതിനു് കച്ചകെട്ടിപ്പുറപ്പെട്ടിരിക്കുന്നവരുമാണെന്നുള്ളതു് സർവവിദിതമത്രെ. ഇവരുടെ നശീകരണോപായങ്ങൾ ലോകത്തിനു വരുത്തിക്കൂട്ടിയിരിക്കുന്ന ആപത്തു നിരവധിയത്രെ എന്നു് സംഗ്രഹമായി സൂചിപ്പിക്കുന്നതിനേ തൽകാലം നിവൃത്തിയുള്ളൂ. അർദ്ധസത്യം അസത്യംപൽകരം എന്ന വസ്തുതയെ ശിശുമക്കാരുടേയും ഇടത്തുട്ടുകാരുടേയും പ്രവൃത്തികൾ മുകുകണ്ഠം വിളിച്ചറിയിക്കുന്നുണ്ടു്. സത്യം തന്നെയായ ക്രിസ്തുവിന്റെ തത്വങ്ങളിൽ ഏതാനും എണ്ണം മാത്രം തെരഞ്ഞെടുത്തുകൊണ്ടു് കത്തോലിക്കസഭയെ ഇവർ അപലപിക്കുന്നു. ഈ കൂട്ടരുടെ നിഗൂഢവും പ്രത്യക്ഷവുമായ കുതന്ത്രങ്ങൾ തിരുസ്സഭാശരീരത്തെ ബാധിച്ചിരിക്കുന്ന ഒരു മഹാമാരിതന്നെ. ഇപ്പറഞ്ഞ രണ്ടുകൂട്ടരേയും കൂടാതെ 'കൂട്ടത്തിൽ നിന്നു് കാലിൽ ചവുട്ടുന്നതുപോലുള്ള' ഒരുതരം ശത്രുക്കളുണ്ടു്. സഭയുടെ തത്വങ്ങളെ പരിപൂർണ്ണമായി അംഗീകരിക്കുകയും സ്വജീവിതത്താൽ അവയെ നിഷേധിക്കുകയും ചെയ്യുന്നവരാണു് ഇവർ. ഒരുവന്റെ ശത്രുക്കൾ സ്വവംശജന്മാർ തന്നെയാ

വുന്നു എന്ന ചൊല്ല് എത്ര വാസ്തവം. ഏതുസമുദായത്തിലും ഏതുകാലത്തും ഇക്കൂട്ടരെ ധാരാളം കിട്ടും. എന്നാൽ ഇതിൽ അനേകർ ഉത്തമവിശ്വാസത്തോടുകൂടിയവരും ഉണ്ടെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. ഇവർ തികച്ചും അനുകമ്പാർഹർതന്നെ.

അപമാനങ്ങളും കഷ്ടതകളും മൂലം വിനീതരാക്കപ്പെടുമ്പോൾ മാത്രമേ ഇവർ മനസ്സുപിക്കുകയും തന്നിമിത്തം സ്വർഗ്ഗരാജ്യത്തിലേ പൗരന്മാരാവാൻ അർഹത സിദ്ധിക്കുകയും ചെയ്യുകയുള്ളു. വിശുദ്ധന്മാരുടേയും അന്യമഹത്തുക്കളുടേയും ജീവിതങ്ങൾ ഇതിനു് ഉത്തമോദാഹരണങ്ങളാവുന്നു. 'ലോകത്തിൽ നിന്നു നമ്മെ വിയോജിപ്പിക്കുന്നതിനും ഐഹികത്തേക്കാൾ ഉപരിയായവതേടുന്നതിനും മുള്ളുകൾ നമ്മെ വളരെ സഹായിക്കുന്നു'വെന്നാണു് ഏതിദിഷ്യകമായി ചെറുപുഷ്പം പറയുന്നതു്. കണ്ണുനീരിന്റെ ഉറവയിൽ നി

ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, മുണ്ടാലി, പായിപ്പാടു്, എളങ്ങായി, പൂന്തുരുത്തു്, തുരുത്തി, വെളിച്ചയാനി, മിത്രക്കരി, എന്നീ സ്ഥലങ്ങളിലേയും ചങ്ങനാശേരി സെന്റ് ബർക്മാൻസു ബോർഡിംഗിലേയും ജപാപ്പസ്തോല സഖ്യാംഗങ്ങളാം കുട്ടികൾ, ആഗസ്റ്റ് മാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച

സൽകൃത്യാഭ്യാസങ്ങൾ.

1	ദൈവസ്നേഹപ്രകരണം	1237682
2	കൊന്തനമസ്ക്കാരം	28748
3	സ്ലീവാപ്പ്രാത	3086
4	ശ്ലൂ. കു. ഉൾക്കാള്ളൽ	4742
5	അരുപിക്കടുത്ത "	102674
6	ആത്മശോധന	17817
7	വേലചെയ്ത നാഴിക	15477
8	മൗനം അനുഷ്ഠിച്ച മണിക്കൂർ	5867
9	ജ്ഞാനവായന	4443
10	കുർബാനചൊല്ലിച്ചതു	8
11	" കണ്ടതു്	5158
12	ആശയടക്കങ്ങൾ	35428
13	പ്രായശ്ചിത്തങ്ങൾ	6354
14	ആത്മികമനോഗ്രണപ്രവൃത്തി	7283
15	ശരീരമനോഗ്രണ പ്രവൃത്തി	5707
16	വിവിധജപങ്ങൾ	37282
17	നല്ലവണ്ണംകഴിച്ചഉല്ലാസം	3131
18	ദു:ഖാരിഷ്ടതകൾസഹിച്ചതു്	2074
19	പ്രത്യേകഗുണവിജയം	1077
20	വി. കു. വീസിത്ത	10466
21	മറ്റു പുണ്യപ്രവൃത്തികൾ	57722

പ്രത്യേകനിയോഗങ്ങൾ.

1	ഇടവകകൾ	138
2	മുഴുവൻധ്യാനം	56
3	ദൈവവിളി	128
4	പള്ളിക്കൂടങ്ങൾ	291
5	വിദ്യാർത്ഥികൾ	750
6	പരീക്ഷാവിജയം	98
7	കുടുംബങ്ങൾ	259
8	മാതാപിതാക്കന്മാർ	215
9	യുവജനങ്ങൾ	435
10	മക്കൾ	120
11	സഖ്യപ്രോത്സാഹികൾ	63
12	പതിതരുടെമനസ്താപം	174
13	അജ്ഞാനികളുടെ "	255
14	ദുഷ്കത്തോലിക്കരുടെ "	219
15	മദ്യപാനികളുടെ "	195
16	ശത്രുക്കളുടെ രമ്യം	115
17	മരിച്ച വിശ്വാസികൾ	1960
18	ഭാഗ്യമരണം	200
19	ഉദ്യോഗം	73
20	പണസഹായം	75
21	പ്രത്യേകമനോഗ്രണങ്ങൾ.	123

ന്നു നമ്മെ കൂടിപ്പിക്കുന്നതു് ദൈവത്തിനു വളരെ സങ്കടകരമാവുന്നു. എങ്കിലും താൻ തന്നത്തന്നെ അറിയുന്നതുപോലെ നാമും അറിയുന്നതിനു നമ്മെ ഒരുക്കി ദൈവസദൃശരാക്കുന്നതിനുള്ള ഏകമാർഗ്ഗം ഇതാണെന്നു താൻ അറിയുന്നു" എന്നു് ഈ വിശുദ്ധ വീണ്ടും പറയുന്നു. ഇസ്സീലൗഷധംകൊണ്ടെങ്കിലും കത്തോലിക്കാസഭയുടെ വൈരികൾ മാനസാന്തരപ്പെട്ടു് രക്ഷാമാർഗ്ഗത്തിൽ പ്രവേശിക്കുവാൻ ഇടവരണമെന്നു് കരുണാപൂരിതയായ ജപമാലരാജ്ഞിയോടു് എല്ലാവരും ഉള്ളുഴിഞ്ഞു് പ്രാർത്ഥിപ്പാറാവണം.

2. മിഷൻ നിയോഗം.

ബ്യൂണോസ്സ് അയേഴ്സിലെ ദിവ്യകാരുണ്യ മഹാസമ്മേളനംമൂലം തെക്കേ അമേരിക്കയിലേ ശ്രീഹാരാധനക്കാരുടെ മധ്യേയുള്ള പ്രേഷിതവൃത്തി അഭിവൃദ്ധിപ്പെടുന്നതിനു്.

പുസ്തകാഭിപ്രായം.

"വിശുദ്ധപുണ്യം".

ഫാദർ ഗ്രഗരി സി. ഡി.,

(St. Joseph's Press, Mannanam.)

ഈ ഗ്രന്ഥം എത്രയും സന്ദർഭോചിതമായ ഒന്നാണെന്നുള്ളതിനു രണ്ടുപക്ഷമുണ്ടാകുമെന്നു തോന്നുന്നില്ല. "മനുഷ്യരിൽ—പ്രത്യേകം യുവജനങ്ങളിൽ—സദാചാരവും സന്മാർഗ്ഗനിഷ്ഠയും കുറഞ്ഞും, അനാശാസ്യമായ വസ്ത്രധാരണരീതിയും നടപടികളും വർദ്ധിച്ചും വരുന്ന ഇക്കാലത്തു് ആത്മശരീരശുദ്ധതയെപ്പറ്റി എത്രമാത്രം പറഞ്ഞാലും അധികമായിപ്പോയി എന്നുവരുന്നതല്ല" എന്നു് ഗ്രന്ഥകാരൻ മുഖവുരയിൽ പറഞ്ഞിരിക്കുന്നതിനോടു് ഞങ്ങളും പൂർണ്ണമായി യോജിക്കുന്നു. ശുദ്ധതയുടെ മാഹാത്മ്യം, അതു നഷ്ടപ്പെടുന്നതിലുള്ള കാരണങ്ങൾ, അതിനെ പാലിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, അശുദ്ധതയുടെ ഭയങ്കരത്വം എന്നിത്യാദികളെക്കുറിച്ചു് ഏഴു് അദ്ധ്യായങ്ങളിലായി ഗ്രന്ഥകാരൻ വേണ്ടുംവണ്ണംഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. ശുദ്ധതയെ കാംക്ഷിക്കുന്ന ഏവരും ഈ പുസ്തകം ഒരാവർത്തിയെങ്കിലും വായിച്ചിരിക്കേണ്ടതാണു്. നമ്മുടെ യുവജനങ്ങളുടെ അഭ്യുദയകർത്തൃത്വമുള്ള മാതാപിതാക്കൾ, ഉപാദ്ധ്യായന്മാർ, വിദ്യാലയാധികൃതന്മാർ മുതലായവരുടെ ശ്രദ്ധയ്ക്കു് ഈ പുസ്തകം പ്രത്യേകം വിഷയീഭവിക്കേണ്ടതാകുന്നു.

(വില അണ 4.)

വേദപാഠമത്സര പരീക്ഷയെക്കുറിച്ച്.

(ചങ്ങനാശേരിരൂപത വകയായി കഴിഞ്ഞ സ്കൂൾവർഷത്തിൽ നടത്തിയ വേദപാഠമത്സരപരീക്ഷയെ സംബന്ധിച്ച് മംഗലാപുരത്തുനിന്നും മി. സി. ജെ. വക്കി കെ. എസ്. ജി. അവർകളുടെ പത്രാധിപത്യത്തിൽ നടത്തുന്ന കത്തോലിക്കു് എഡ്യൂക്കേഷനൽ റിവ്യൂ (CATHOLIC EDUCATIONAL REVIEW) വിൽ ചേർത്തിരിക്കുന്ന റിപ്പോർട്ടാണു് ഞങ്ങൾ താഴെ ഉദ്ധരിച്ചിരിക്കുന്നതു്)

Diocesan Inter-School Competitive Examination in Religious Knowledge, Changanacherry.

The readers of the Catholic Educational Review are already familiar with the educational activities of the Diocese, which are thoroughly organised by the Diocesan Department of Education under its able and experienced Director, Rev. Fr. T.K. Mampalam, B.A.,L.T. As early as 1929 the Department published elaborate syllabuses in Christian Doctrine for English as well as for Vernacular schools and prescribed suitable text-books. Every year an Inter-school Competitive Examination in Religion is held—for the present —only for the English Schools. The examination is held for the School Final Class on the First Friday in February and for the lower classes on the First Friday in March. The question papers are set by the Board of Examiners specially appointed for the purpose, and the answer papers of the Sixth Form and the Third Form are valued by two Boards of three Examiners each.

This year Rev. Fr. Placid, T.O.C.D., Ph.D., D.D., D.C.L., and Rev. Fr. A. C. Eapen, B.A., Ph.D., set the papers for the Sixth and Third Forms respectively. The Sixth Form papers were valued, this year, by Rev. Fr. J. A. E. Fernandez, Ph.D., D.D., of St. Bede's European High School, Mylapore, Rev. Fr. A. C. Eapen, B.A., Ph.D., of St. Berchmans' High School, and Very Rev. Fr. Thomas Porukara, Rector of the Diocesan Preparatory Seminary; and the Third Form papers were valued by Rev. Fr. Joseph Elias, T.O.C.D., B.A.,L.T., of. St. Joseph's High School, Pulinkunnu; Rev. Fr. K. J. Antony, B.A., of St. Berchmans' College, and Rev. Gregory Thycherril B.A., of Mangalapuzha Seminary

Altogether 26 schools took part in the examination—18 Boys' and 8 Girls' Schools. Candidates from St. Berchmans' High School,

Changanacherry, and St. Ephrem's High School, Mannanam, secured the School Final Scholar-ships amounting to half the tution fee for the two years of the Intermediate course. The five scholar-ships for the Third Form examination were distributed among St. Ephrem's E.M.S., Chirakadavu, St. Aloysius' E.M.S., Kanjiramattam, St. George's E. M. S., Manimala, and the Little Flower E. M. S., Pulinkunnu. Of these, St. Ephrem's E.M.S. deserves special mention for very creditable results—all the five answer papers sent by this school were among the first ten taken for the last valuation and two got scholarships, with a school average of 74, and ranking as the first in the Diocese. Of the five prizes awarded, three were won by St. Joseph's Girls' High School, Changanacherry, one by St. Berchmans' High School, Changanacherry, and the fifth by the Sacred Heart's English Middle School, Champakulam.

SCHOOLS IN ORDER OF THEIR RANK.

I Section (Sixth Form Examination)

Diocesan Average: 59.

Name of School.	School Average.	Rank.
St. Ephrem's H. S., Mannanam	77	I
St. Joseph's Girls H. S., Changanacherry	67	II
St. Berchmans' H. S., Changanacherry	66	III
St. Mary's Girls' H. S., Palai	61	IV
St. Aloysius' H. S., Edathua	60	V
St. Joseph's H. S., Pulinkunnu	43	VI
St. Thomas' H. S., Palai	38	VII

II Section (Third Form Examination)

Diocesan Average: 40.

St. Ephrem's M. S., Chirakadavu	74	I
St. Michael's M. S., Pravithanam	55	II
Little Flower M. S., Pulinkunnu	54	III
St. Ephrem's H. S., Mannanam	53	IV
St. Mary's Girls' H. S., Palai	51	V
St. George's M. S., Manimala	51	VI
Little Flower M. S., Kavalam	47	VII
St. Mary's Girls' M. S., Kuravilangad	46	VIII
St. Thomas' H. S., Palai	44	IX
St. Augustine's M. S., Ramapuram	41	X

The Diocesan average for Sixth Form(59) shows a satisfactory standard of instruction. For the Third Form examination, the Middle Schools show a much better standard of instruction than the full-fledged High Schools.

The prizes were distributed by His Lordship the Bishop on the feast of his Patron. Both the scholarship and prize winners were entertained at tea at the Bishop's House on the occasion.

(We heartly congratulate the Diocese of Changanacherry on its thorough educational organization.—EDITOR)

കുറിപ്പുകൾ

തിരുമേനിയിൽനിന്നു സന്ദേശം:—

ഏതാനും ആഴ്ചകൾക്കു മുമ്പു പാലാ അരമനച്ചാപ്പലിലെ അമലോത്ഭവമാതാവിന്റെ രൂപം തകർക്കപ്പെട്ടുവല്ലോ. ആ നിന്ദ്യകൃത്യത്തിനുശേഷം അതിനു പകരം അതിലും ഭംഗിയുള്ള ഒരു രൂപം അവിടെ പ്രതിഷ്ഠിക്കുകയുണ്ടായി. ഇപ്പോൾ അതിനുമുമ്പിൽ ഒരു ചുവന്ന തിരിയും കത്തിച്ചുവച്ചിട്ടുണ്ട്. ഈ തിരി കെടാതെ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിരിക്കുന്നു. ഈ തിരി കെടാതെ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിരിക്കുന്നു. ഈ തിരി കെടാതെ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിരിക്കുന്നു.

പെറ്റിസിമ്മനാരിവെഞ്ചരിപ്പും പുനരൈക്യവാർഷികവും.

തിരുവല്ലായിൽ നവീനരീതിയിൽ പണികഴിപ്പിച്ചിട്ടുള്ള പെറ്റിസിമ്മനാരിയുടെ ഉൽഘാടനവും ബഥനിത്തിരുമേനികളുടെ പുനരൈക്യത്തിന്റെ വാർഷികാഘോഷകമ്മിറ്റികളും സെപ്റ്റംബർ 20-ാം തീയതി ആഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു. ഇതുസംബന്ധിച്ചു തിരുക്കർമ്മാദികൾക്കുശേഷം ഉച്ചകഴിഞ്ഞു കണ്ടത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും ആ സന്ദർഭത്തിൽ റവ. ഫാദർ ജേക്കബ്ബ് വെള്ളരിങ്ങാട്ട് എ. ഒ. ജോസഫ് എം. എ. എൽ. റ്റി. അവർകൾ മുതലായവർ സന്ദർഭോചിതമായി പ്രസംഗിക്കുകയുംചെയ്തു.

ദേവാലയോൽഘാടനം

കോട്ടയത്തു് താഴത്തങ്ങാടിയിൽ തിരുഹൃദയത്തിന്റെ നാമത്തിൽ പണിപൂർത്തിയാക്കിയദേവാലയോൽഘാടനം എ. പെ. പെ. ബി. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് സെപ്റ്റംബർ എട്ടാംതീയതി ശനിയാഴ്ച നടത്തിയിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പു് പണി ആരംഭിച്ചു മാത്രം കിടന്നിരുന്ന ഈ പള്ളി ഇപ്പോൾ പണിതു് തീർത്തു് വികാരി ജനറാൾ എ. പെ. ബി. മോൺസിഞ്ഞോർ ജേക്കബ്ബ് കല്ലറയ്ക്കൽ അവർകളുടെ ഉത്സാഹത്താലും സഹായസഹകരണങ്ങളാലും ആണെന്നുള്ളതും പ്രസ്താവ്യമാണു്.

കത്തോലിക്കർ ഉന്നതസ്ഥാനങ്ങളിൽ:—

റാവുബഹദൂർ സി. ജെ. പോൾ ബി. ഏ. അവർകളെ തൃശ്ശിനാപ്പള്ളി ഡിസ്ട്രിക്ടിന്റെ കലക്ടറായി നിയമിച്ചിരിക്കുന്നു. ഇദ്ദേഹം തൃശ്ശൂർ രൂപതയിൽപ്പെട്ട ഒരു കേരളീയകത്തോലിക്കനാണെന്നുള്ളതും പ്രസ്താവയോഗ്യമത്രെ.

തഞ്ചാവൂർ സ്വദേശിയും തെന്നിൻഡ്യാ കത്തോലിക്കാ നേതാക്കന്മാരിൽ മുന്നിട്ടു നിൽക്കുന്നയാളുമായ റാവുബഹദൂർ ഏ. റ്റി. പനീർസെൽവം അവർകൾക്കു മദ്രാസ് ഗവർമ്മെണ്ടിന്റെ "ഹോംമെമ്പർ" എന്നാളുന്നതോദ്യോഗം ലഭിച്ചിരിക്കുന്നു. ഒരു ഇൻഡ്യൻ കത്തോലിക്കനു് ഇദംപ്രഥമമായിട്ടാണു് ഈ സ്ഥാനം ലബ്ധമാകുന്നതു്.

മൈസൂർ നിയമനിർമ്മാണസഭയിൽ അവിടത്തെ ഇൻഡ്യൻ ക്രിസ്ത്യൻ പ്രതിനിധിയായി മിസ്റ്റർ എഫ്. എൽ. സിൽവാ എന്ന കത്തോലിക്കനെ നിയമിച്ചിരിക്കുന്നു.

മംഗലാപുരം കോളജ് പ്രൊഫസറും "കത്തോലിക്കു് എഡ്യൂക്കേഷനൽ റിവ്യൂ"വിന്റെ പത്രാധിപരുമായ സി. ജെ. വക്കി എം. ഏ., കെ. എസ്. ജി. അവർകളെ മദ്രാസ് യൂനിവേഴ്സിറ്റി സിൻഡിക്കേറ്റു മെംബറായി തെരഞ്ഞെടുത്തിരിക്കുന്നു.

രണ്ടു കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ.

ബോംബായിലെ കത്തോലിക്കാവിദ്യാർത്ഥിയൂണിയന്റെ ആഭിമുഖ്യത്തിൽ "കാത്തലിക്കു് ആക്ഷൻ" (CATHOLIC ACTION.) എന്നപേരോടുകൂടി ഒരു പത്രഗ്രന്ഥം പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. ആധുനികലോകത്തിനു് എന്തുകൊണ്ടും ഉപയുക്തമായ ഈ പ്രസിദ്ധീകരണത്തിലേക്കു ലേഖനകൃത്തുക്കളും പ്രൊഫസ്സർ ഏ. രത്നസ്വാമി എം എ. ബാർ-ഓറ്റ്-ലാ പ്രഭൃതികളാണെന്നു പറയുമ്പോൾത്തന്നെ ഇതിന്റെ പ്രാമാണ്യം ഗ്രഹിക്കാവുന്നതാണു്.

ഇനിയുമൊന്നു് അടുത്ത ജനുവരിമാസംമുതൽ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന "ദി ന്യൂ റിവ്യൂ" (THE NEW REVIEW) എന്നമാസികാഗ്രന്ഥമാണു്. ഈ പ്രസിദ്ധീകരണം ഇൻഡ്യയിലെ ഈശോസഭക്കാരുടെ ഉത്തരവാദിത്വത്തിലും മറ്റു വൈദികരും അൽമേനികളുമായ കത്തോലിക്കരുടെ സഹായസഹകരണങ്ങളോടുകൂടിയുംനടത്തപ്പെടുന്നതാണു്. ശ്ലൈഡ്പ്പെട്ട മാക്മില്ലൻ കമ്പനിക്കാരാൽ ന്യൂപൗറങ്ങളിൽ കുറയാതെ പ്രതിമാസം മുദ്രണംചെയ്തു പ്രസിദ്ധപ്പെടുത്തുന്ന ഈ മാസികക്കു് ആണ്ടിൽ പന്ത്രണ്ടു രൂപാവരിപ്പണമായിരിക്കും.

മിഷൻവാർത്ത

ഇന്നത്തെ കൈരളീയസുന്ദരികളായ കത്തോലിക്കാ യുവതീയുവാക്കന്മാർ മാനസാന്തരകൃത്യങ്ങളിലുള്ള അതിവാഞ്ഛയാൽ വീടും നാടും ബന്ധുമിത്രങ്ങളുംവിട്ട് ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ പ്രേഷിതവൃത്തിക്കായി പോകുന്നുവെന്നറിയുന്നതു കേരളീയകത്തോലിക്കരായ നാമേവർക്കും അത്യന്ത സന്തോഷത്തിനും ബഹുമാനത്തിനും കാരണമായിരിക്കുന്നു. ഇപ്രകാരം പ്രേഷിതകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേക്കുറിച്ച ചിലതെല്ലാം അറിയുവാൻ അവരുടെ സ്വദേശിയർക്കും അതിവാഞ്ഛാഹം ഉണ്ടായിരിക്കുമെന്നു നിശ്ചയമുള്ളതിനാൽ അവരേക്കുറിച്ച് അല്പവിവരങ്ങൾ അറിയിച്ചുകൊള്ളുന്നു.

1) പാറേ്നാ. അമേരിക്കൻ സംഘാംഗങ്ങളുടെ ഭരണത്തിൻകീഴിൽ നടത്തപ്പെടുന്ന ഈ നവിനമിഷ്യനിൽ ഇന്നു കേരളീയരായി ഇരുപത്തിമൂന്നു അംഗങ്ങൾ ചേർന്നിട്ടുണ്ട്. അവരിൽ രണ്ടുപേർ അയ്മേനിപട്ടക്കാരും, നാലാളികൾ വൈദികവിദ്യാർത്ഥികളും, ഏഴുപേർ ഈശോസഭാംഗങ്ങളും പത്താളുകൾ കന്യാസ്ത്രീകളുമാണ്. ഈ ഇരുപത്തിമൂന്നുപേരും എന്റെ അറിവിൽപെട്ടിടത്തോളം ചങ്ങനാശേരി മിസ്സിത്തിൽ നിന്നാണെപോലും! അവരുടെ ജോലികൾ വിവിധങ്ങളെന്നേ പറയേണ്ടതുള്ളൂ. വിദ്യാഭ്യാസം, പ്രസംഗം, യഥാർത്ഥമാനസാന്തരകൃത്യങ്ങൾ, പഠനം എന്നിവയിലാണ് ഇവർ താൽക്കാലികമായി ഏർപ്പെട്ടിരിക്കുന്നത്. കന്യാസ്ത്രീകൾ പത്തുപേരും അവരുടെ ശ്രേഷ്ഠത്തിയുടെ വാത്സല്യമക്കളായി നവസന്ന്യാസജീവിതം ഇപ്പോൾ കഴിക്കയാണ്. കാലതാമസമെന്യെ അവരും പള്ളിക്കൂടത്തിൽ പഠിപ്പിക്കുക, രോഗികൾക്കു മരുന്നുകൊടുക്കുക, അനാഥശാലകളിൽ ശുശ്രൂഷകൾ നടത്തുക എന്നിവ തുടങ്ങും. ഈ ശോസഭാംഗങ്ങളായി ചേർന്നിട്ടുള്ളവർ എല്ലാവരും തൽക്കാലം അവരുടെ ദൈർഘ്യപഠനത്തിൽ വ്യാപൃതരായിരിക്കയാണ്. അവരിൽ രണ്ടുപേർ ഇപ്പോൾ ഷെമ്പഗന്നൂരിൽ തത്വശാസ്ത്രവും, മൂന്നുപേർ ഹസ്സൂരിബാഗിൽ (റാഞ്ചി) അലങ്കാരശാസ്ത്രവും പഠിച്ചുവരുന്നു. ശേഷിച്ച മൂന്നാളുകൾ നവസന്ന്യാസപരിശീലനത്തിലാണ് ഇപ്പോൾ ബദ്ധശ്രദ്ധരായിരിക്കുന്നത്. വൈദികവിദ്യാർത്ഥികളായ നാലുപേരും മംഗലാപുരം സെമ്മിനാരിയിൽ പഠിച്ചുവരുന്നു. അവരിൽ ഒരാൾ (തെക്കേതിൽ) റവ റവി. സി. ഗ്രിഗറി പായിപ്പാട്ട് ഇടവക) ഈ മാസാരംഭത്തിൽ പാറേ്നാ മെത്രാൻറക്കൂടെ വൈദികപഠനത്തിനായി റോമായിലേക്കു പോകുന്നതാണ്.

ഈ ചെറുകുറിപ്പു അവസാനിപ്പിക്കുന്നതിനു മുൻപു ലേഖ

ഗവർമ്മണ്ടിന്റെ പുതിയ സമുദായവിഭജനരീതിപ്പറ്റി:—

" ക്രൈസ്തവരുടെ ആത്മാഭിമാനത്തെ ഭഞ്ജിക്കുന്നതും അവരുടെയിടയിൽ അധഃപതനം എന്നൊരു വിഭാഗമുണ്ടെന്നു റിക്കാർട്ടുമൂലം വരുത്തിവച്ചു ക്രൈസ്തവർക്കു ശാശ്വതമായ ദോഷത്തെ ചെയ്യുന്നതുമായ ഈ സമുദായവിഭജനരീതിയേയും അതിൽ അടക്കംചെയ്തിരിക്കുന്ന കുതന്ത്രങ്ങളേയും ക്രൈസ്തവസമുദായം ശക്തിപൂർവ്വം പ്രതിക്ഷേധിക്കേണ്ടതാണ്. " (ന. ഭാ.)

കന്ന പാറ്റ്നായിലെ കേരളീയ സോദരികളിൽനിന്നും ലഭിച്ച ഒരു കത്തിന്റെ ചില ഭാഗങ്ങൾ ഈ യുവപ്രേഷിതകളുടെ അഭിപ്രായത്തെ പ്രകടമായി പ്രകാശിപ്പിക്കുവാൻ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"മിശിഹായിൽ ഞങ്ങളെ സ്നേഹിക്കുന്ന പ്രിയ സഹോദരാ, (എന്റെ വായനക്കാരും അവരെ അങ്ങനെ സ്നേഹിക്കുമെന്നു വിശ്വസിക്കുന്നു) . . . ഞങ്ങളിൽ നാലുപേർ ഫെബ്രുവരി ജനുവരിയിൽ ഇവിടെ വന്നവരാണ്.

ഏലിക്കുട്ടി ജോർജ്ജ് മാങ്കോട്ടി, അതിരമ്പുഴ (സിസ്റ്റർ മേരി ജൂലിയാനാ)
അന്നമ്മ മാത്യു നെടുത്തൊട്ടി, വെമ്പള്ളി (" " ബെനീഞ്ഞാ)
അന്നക്കുട്ടി മാത്യു ചിറ്റേറ (" " ആഗ്നസ്സാ)
ത്രേസ്യാ എബ്രാഹം പുളിനിൽക്കുന്നതിൽ, കുടമാളൂർ " " അൽഫോൻസാ)

ആദ്യത്തെയും രണ്ടാമത്തെയും ക്ലാസ്സുകാർ ചങ്ങനാശേരി ആശുപത്രിക്കാർ തന്നെയാണ്. രണ്ടാമത്തെ ആറുപേർ ഫെബ്രുവരി ഏപ്രിൽ മാസത്തിൽ വന്നു ചേർന്നു. അതിൽ രണ്ടു പേർ സ്വന്ത സഹോദരികളുമാണ് (കണ്ടില്ലേ ഒരു വീട്ടിൽ നിന്നു തന്നെ മൂന്നു പ്രേഷിതർ, അവരുടെ മാതാപിതാക്കന്മാരുടെ പാദചുംബനം ചെയ്യുവാൻ തന്നെ എനിക്കു തോന്നിപ്പോകുന്നു. ദൈവസന്നിധിയിൽ അവരുടെ നില എത്രവലുതു!)

ഏലിക്കുട്ടി ലൂസ് കണ്ടങ്കരി, ചങ്ങനാശേരി (സിസ്റ്റർ മേരി അന്തോണിയാ
മേരിക്കുട്ടി " " " ബെനഡിക്താ
റോസാമ്മ എമ്മാൻവേൽ പട്ടർമഠം കുറവിലങ്ങാട് " കണിസ്യാ
ആനിയമ്മ ജോസഫ് പെരിയ തുണ്ടം, ചങ്ങനാശേരി ഹിൽഡിഗാർഡ്
റോസാമ്മ ജോർജ്ജ് മുറിക്കൽ അതിരമ്പുഴ " പൌളീനാ
മേരി മാത്യു കാഞ്ഞിരപ്പള്ളിൽ, എടത്വാ " സ്റ്റാനിസ്ളാസ്

ഞങ്ങൾ കഴിഞ്ഞ ജൂൺമാസത്തിൽ പോസ്റ്റുലൻറ്സ് (അർത്ഥിനികൾ) ആയി. കഴിഞ്ഞ ഡിസംബറിൽ നോവിസസ്(നവസന്ന്യാസിനികൾ) ആയി. രണ്ടുകൊല്ലത്തേയ്ക്കാണ് നൊവീഷിയേറ്റ് (നവസന്ന്യാസ ജീവിതം) . . . രണ്ടുകൊല്ലത്തെ നൊവീഷിയേറ്റ് കഴിഞ്ഞാൽ ഞങ്ങൾക്കു ഇവിടെ നിന്നും സ്ഥലം മാറ്റമുണ്ടാകും.

ജൂൺമുതൽ ഡിസംബർ വരെ ബ. ബിഷപ്പ് ഒരു ലേഡിയെ (അദ്ധ്യാപക) പാറ്റ്നായിൽ നിന്നു കൊണ്ടുവന്നു ഞങ്ങളെ ഇംഗ്ലീഷ് പഠിപ്പിച്ചു. ഇപ്പോൾ രണ്ടു മൂന്നു മണിക്കൂർ ദിവസം തോറും ഹിന്ദി പഠിക്കുന്നുണ്ട്. ഹിന്ദിക്കു മലയാളത്തോട് അല്പ സാദൃശ്യമുള്ളതിനാൽ പഠിക്കുന്നതിനു വിഷമമില്ല. (ഇവർ ഇപ്പോൾ ഹിന്ദിഭാഷ നല്ലവണ്ണം പഠിച്ചിരിക്കുന്നെന്നും, അതേ ഭാഷയിൽ പാറ്റ്നാബിഷപ്പിനു എഴുത്തയച്ചുവെന്നും ആ വന്ദ്യതിരുമേനിതന്നെ ഈ ലേഖകനോടു പറകയുണ്ടായി). സഹോദരികൾ ആയാൽ ഞങ്ങൾക്കു പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുക, രോഗികൾക്കു മരുന്നുകൊടുക്കുക, അനാഥശാലാപരിപാലനം ചെയ്യുക എന്നിജ്ജോലികൾ ഉണ്ടായിരിക്കും. ഇപ്പോൾ ആത്മികകാര്യാനുഷ്ഠാനമല്ലാതെ മറ്റുവേലകൾ ഒന്നുമില്ല. (വളരെനല്ലതു) ബ. ബിഷപ്പിനും പ്രത്യേകം ഞങ്ങളുടെ മദറിനും ഞങ്ങളോടു വളരെ സ്നേഹവും തൃപ്തിയുമാണ്. അതു (ഈ എഴുത്തുകാരനുമദറിൽനിന്നും ബിഷപ്പിൽനിന്നുംതന്നെ അറിയുവാൻ

ഇടയായി.) ഇവിടത്തെ സിസ്റ്റേഴ്സും സ്വന്ത സഹോദരികളേപ്പോലെയുള്ള സ്നേഹത്തിൽ ഞങ്ങളോടു പെരുമാറുന്നു. ഇവർ പാട്ടിനും പെയ്ന്റിങ്ങിനും ചിത്രമെഴുത്തിനുമൊക്കെ വളരെ സമർത്ഥകളാണ്. ഞങ്ങൾ അതിനുപിന്നോക്കമാണെന്നു ലജ്ജകൂടാതെ പറയേണ്ടിയിരിക്കുന്നു. (അതും പ്രയത്നിച്ചാൽ കൈവരും! മദർ ഇവ ഞങ്ങളെ പഠിപ്പിക്കുവാൻ കഴിയുന്നത്ര ശ്രമിക്കുന്നുണ്ട്. ശ്രമം വിജയപ്രദമാകട്ടെ.

അനുസരണയും ക്ഷമയും കിട്ടുന്നതിനു പ്രാർത്ഥിക്കണമെ. (നിശ്ചയമായും) കർത്താവു ഞങ്ങളെ എന്തിനായി വിളിച്ചിരിക്കുന്നുവോ അതു ഞങ്ങളിൽ നിറവേറുവാൻ പ്രത്യേകം പ്രാർത്ഥിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു പ്രാർത്ഥനയുടെ ഐക്യതയിൽ."

N. B. അടുത്ത കുറിപ്പിൽ വേറെ വിവരങ്ങൾ.

From Kurseong:—

I Suppose you will be glad to know that on 21st November 1934 twenty nine Jesuit Scholastics belonging to eight different nationalities and destined to work in the various Missions of India and Ceylon, will be ordained priests in the chapel of St. Mary's College, Kurseong, by His Grace the Most Rev. Ferdinand Perier S.J., Archbishop of Calcutta. Of these 29 candidates, 8 are Indians, 6 Spaniards, 4 Italians, 3 Belgians, 4 Irish, 2 Anglo-Indians, 1 French and 1 Maltese. Of the eight Indians four are Malayalees. They are: Fr. Joseph Koilparampil of Alleppey, (Cochin Diocese). Fr. Thomas Panikulangara of Kuttipuzha (Earnakulam Archdiocese); Fr. Sylverius Koilparampil of Aruthumkal (Cochin Diocese) and Fr. Zacharias Chandy of Alleppy (Changanacherry Diocese); They belong to the missions of Goa, Calicut, Madura and Goa respectively.

Let me take this opportunity to inform you that so far there are 35 Jesuits—Priests, Scholastics and Laybrothers from Malabar, destined for the mission fields of India. Bengal has at present one, Calicut 5, Goa 7, Patna 7 and Madura 15. There are many more applications for admission to the Society of Jesus. Let us hope that with the increased number of Novitiates in Hazaribag (Bengal) and Calicut many more Malayalees will become Jesuit Missionaries for the salvation of their dear country, INDIA.

കച്ചേരിക്കാര്യം.

I. ബ. വൈദികരുടെ ധ്യാനം.

ഫെബ്രുവരി	സെപ്റ്റംബർ	൨൦-൨൦	രാ-	ആനക്കല്ല്
	,,	൨൨	,,	മുട്ടഫിറ
	,,	൨൩	,,	കുറവിലങ്ങാട്
	,,	൨൩	,,	രാമപുരം
	നവംബർ	൫	,,	ചങ്ങനാശേരി
	,,	൫	,,	കല്ലൂക്കാട്ട
	,,	൫	,,	പാലാ
	,,	൧൧	,,	കാഞ്ഞിരപ്പള്ളി
	,,	൧൨	,,	അതിരമ്പുഴ

(N. B. ആലപ്പുഴ ഫൊറോനാപ്പള്ളിയിലെ ധ്യാനത്തിന്റേയും പെ. ബ. ഫൊറോനാവികാരിമാർ സ്കൂൾമാനേജരന്മാർ മുതലായവർക്ക് ആണ്ടവസാനത്തിൽ ഉള്ള ധ്യാനത്തിന്റേയുംതീയതി പിന്നീടറിക്കുന്നതായിരിക്കും.)

II. എ. പെ. പെ ബ. മെത്രാനച്ചൻതിരുമനസ്സിലെ പള്ളിസന്ദർശനപ്രോഗ്രാം.

ഫെബ്രുവരി ൨൫ാം.	൧൦-൦൦	കാലത്തു	൨	മണിക്കു	ചങ്ങനാശേരി
	൩	,, ഉച്ചകഴിഞ്ഞു	൫	,,	കല്ലൂക്കാട്ട
	൪	,, കാലത്തു	൭ൽ	,,	കണ്ടങ്കരി
		ഉച്ചകഴിഞ്ഞു	൪	,,	കല്ലൂക്കാട്ട
	൬	,, കാലത്തു	൭ൽ	,,	കരുമാടി
		ഉച്ചകഴിഞ്ഞു	൪	,,	ഓർട്ടൂം
	൭	,, കാലത്തു	൭ൽ	,,	തെക്കേക്കര
		ഉച്ചകഴിഞ്ഞു	൨	,,	നസ്രത്തു
		,,	൪	,,	ചേന്നങ്കരി
	൯	,, ,,	൫	,,	പുളിങ്കുന്നു
	൧൦	,, കാലത്തു	൭ൽ	,,	കായൽപ്പുറം
	൧൧	,, ,,	൭ൽ	,,	വെളിയനാട്
	൧൨	,, ,,	൭ൽ	,,	മിത്രക്കരി
	൧൫	,, ,,	൭ൽ	,,	പുതുക്കരി
	൧൪	,, ,,	൭ൽ	,,	വേഴപ്രാ
		ഉച്ചകഴിഞ്ഞു	൫	,,	കോയിൽമുക്ക്.
	൧൫	,, കാലത്തു	൧൦	,,	കരുവാറ്റാ
		ഉച്ചകഴിഞ്ഞു	൫	,,	കോയിൽമുക്ക്
	൧൬	,, കാലത്തു	൭ൽ	,,	തായങ്കരി
		ഉച്ചകഴിഞ്ഞു	൫	,,	അരമന

III. CASUS CONSCIENTIAE NO. 8.

Philippus, simplex confessarius, a reservatis etiam extra mortis casum absolvit:

1. Mariam, quae secus per hebdomadam in statu peccati mortalis cum magna anxietate permanere deberet;
2. Marcum, cujus confessionem longam et difficilem exceperat antequam reservationem cognosceret;
3. Petrum, senem, qui accedit ad confitendum ultima die temporis paschalis, et valde distat ab urbe episcopali; nec proinde ad episcopum accedere personaliter potest. Philippus non curat, ut eos moneat de obligatione haec peccata reservata postea, data occasione, superiori, vel alicui delegato confitendi.

Quid ad casum?

ഉപകാരസ്മരണകൾ.

തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും വി. യൗസേപ്പുപിതാവിന്റെയും വി. റീത്താപുണ്യവതിയുടേയും മദ്ധ്യസ്ഥത്താലും ഉദ്ദിഷ്ടകാര്യംസാധിച്ചതിനുപകാരസ്മരണ. ക്ര. ര. ഒരു ഭക്തൻ.

കുയ്യാളശേരി മെത്രാനച്ചനോടുള്ള മദ്ധ്യസ്ഥാപേക്ഷയാൽ എന്റെ ഭാര്യയുടെ സുഖക്കേടുഭേദമായതിനുപകാരസ്മരണ

ക്ര. ര. നെടുഞ്ചേരിയിൽ പൊരിയത്തു യൗസേപ്പു ദേവസ്യാ.

ചരമവാർത്ത.

ചാവക്കാടിനടുത്ത ബ്രഹ്മക്കുളംപള്ളിയിടവക പൊന്നോര മറിയം തന്റെ 77-ാമത്തെ വയസ്സിൽ സെപ്റ്റംബർ 6-ാം തീയതി അന്ത്യകൂദാശകളെല്ലാം സൂക്ഷ്മബോധത്തോടെ കൈക്കൊണ്ടു ഭാഗ്യമരണംപ്രാപിച്ചിരിക്കുന്നു. ഈ ആളിന്റെ ആത്മരക്ഷാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ

ചങ്ങനാശ്ശേരി.

വില്പനയ്ക്കുള്ള പുതിയ പുസ്തകങ്ങൾ.

		Rs.	As.	Ps.
Imitation of Christ		0	10	0
Catholic Church History		0	12	0
Eucharistic Worship.		0	3	0
Cannon Law for Laymen		0	8	0
Heart of Christ to the Heart of India.		1	4	0
Mother of Apostles. (A short drama)		0	6	0
Veronica		0	12	0
Refuge of Sinners.		0	8	0
Annunciation.		0	3	0
ഗീതാവലി	(മേരിജോൺ തോട്ടം)	0	8	0
കവിതാരാമം	" "	0	7	0
ഈശപ്രസാദം	" "	0	5	0
ചെറുപുഷ്പത്തിന്റെ ബാല്യകാലസ്മരണകൾ	" "		2	0
ചണ്ഡാളപുത്രി	(ജോൺപീറർ തോട്ടം)	0	12	0
കനകംമൂലം	" "	1	0	0
ആതങ്കം	" "		2	2
മാത്താണ്ഡമാതാ	" "		4	0
സുവർണ്ണകമലം	" "		6	0
പരിശുദ്ധാത്മാവു	(Fr. Mathew Alakalam)	0	7	0
പന്തക്കുസ്താനവനാൾ	" "	0	1	6
തിരുരക്തവണക്കം	" "	0	4	6
ജ്ഞാനപൂന്തോപ്പു്	(ഒന്നാംതരം) "	1	0	0
ടി	(രണ്ടാംതരം) "	0	12	0
പത്താംപീയൂസു് പാപ്പാ		0	4	0
കത്തോലിക്കു് മിഷൻ		0	3	0
തീർത്ഥയാത്രാസ്മരണകൾ		0	4	0
ഒരു കത്താവും ഒരു വിശ്വാസവും		0	6	0
ഒരുമണി ആരാധന പാട്ടുകൾ		0	0	6
മനുഷ്യപുത്രൻ		1	0	0
സുകൃതഭണ്ഡാരം		0	4	0
ടി തുകൽ തങ്കമിട്ടതു്		0	12	0
വേദോപദേശം		0	2	0
ദിവ്യകേന്ദ്രത്രയം		0	3	0
സഭാദീപം		0	3	0
വേദപാഠ ഹാജർ ബുക്കു്		0	2	0

Reg. No. T. 21.

പഞ്ചാംഗം.

ഒക്ടോബർ 1934 — 1110 കന്നി—തുലാം

കൊന്തനമസ്ക്കാരത്തിന്റെയും

മാലാഖാമാരുടെയും

ഇം.	മ.				
1	15	തി	അ. മറ. റൊസ്സിജിയാസു		വെ
2	16	ച�ൊ	കാവൽമാലാഖാ		വെ
3	17	ബു	ക. കൊച്ചുത്രേസ്യാ		വെ
4	18	വ്യാ	മറ. ഫ്രാൻസിസ്ക്കോസ് അസീസി		വെ
5	19	വെ	വേ. ഫ്ലാസിദോസും കൂട്ടരും		ചു
6	20	ശ	മറ. ബ്രൂനോൻ		വെ
7	21	ഞാ	പന്ത. ഒ-ാം ഞാ.	ക. 7. ക.	പ
			കൊന്തമാസാവു്		വെ
8	22	തി	വിശു. ബ്രിജിത്താ		വെ
9	23	ച�ൊ	വേ. തിമോത്തിയോസും കൂട്ടരും		ചു
10	24	ബു	മറ. ഫ്രാൻസിസ്ക്കോസ് ബോർജിയാ		വെ
11	25	വ്യാ	അ. മറ. സബിനുസ് (ജൂൺ ന)		വെ
12	26	വെ	രായത്ത ഗർട്രൂദിത്താ (ജൂൺ ഫം)		വെ
13	27	ശ	മറ. എഫ്രാർദോസ്		വെ
14	28	ഞാ	പന്ത. ൨-ാം ഞാ.	ഹ. J. മെ.	പ
15	29	തി	കാ. തെരേസ്യാ		വെ
16	30	ചൊ	യോഹ. പാ. പാവി. (ജൂൺ ൨൪)		വെ
17	1	ബു	കാ. മർഗ്ഗരീത്താമറിയം		വെ
18	2	വ്യാ	ഏ.വ. ലൂക്കാ		ചു
19	3	വെ	മറ. പത്രോസു അപ്പ്ക്കന്ത്ര		വെ
			ന. കാ. മാതാവിങ്കൽ നൊവേനയുടങ്ങുന്നു.		
20	4	ശ	മറ. യോഹന്നാൻ കന്തിസ്സു്		വെ
21	5	ഞാ	പന്ത ൨-ാം ഞാ.	ക. 3. ഹ.	പ
22	6	തി	വിശു. മറിയം ശാലോം		വെ
23	7	ചൊ	ദിവ്യരക്ഷകൻ		വെ
24	8	ബു	റപ്പായേൽ മാലാഖാ		വെ
25	9	വ്യാ	വേ. ക്രൂസാന്തോസും മറിയായും		ചു
26	10	വെ	പാ. വേ. എവരിസ്തോസ്		ചു
27	11	ശ	ശ്ലീ. ശെമ്മാൻ യൗദാ. തല്ലേനാൾ		റോ
28	12	ഞാ	പന്ത. ൨-ാം ഞാ.	ഹ. 4. ഹ.	
			ന. കാ. രാജത്വം		വെ
29	13	തി	ശ്ലീ. ശെമ്മാനും യൗദായും (ഇന്നലെ)		ചു
30	14	ചൊ	മറ. മാർയാക്കോബു (ജൂലൈ ൫൩)		വെ
31	15	ബു	സകല ശുദ്ധ. തല്ലേനാൾ (ഇ. വി.)		റോ